Bringing You Closer to God
LANDWAY

# ലാൻഡ്‌വേ ന്യൂസ്

SCAN TO READ ONLINE
10 ഒക്ടോബർ 2017

Volume No.3 • Issue No. 10 • Pages 8 • Price: INR 10/- • Published From Pathanamthitta • www.landwaynews.com • Mail: landwaynews@gmail.com • Call: 9447440441


**ചിരിച്ചുകൊണ്ടു കഴുത്തറുക്കുന്നവർ**
സന്തോഷ് പന്തളം


**ബന്ധങ്ങൾക്ക് വില കൊടുക്കുക...!**
മെർലിൻ ഷേർളി സന്തോഷ്


**മാതൃകാജീവിതം അനിവാര്യം**
ജെ. പി. വെണ്ണിക്കുളം


**Examples for Learning from Christ**
Tennison Mathew

## ലാന്റ്‌വേ സാഹിത്യ അവാർഡുകൾ സമ്മാനിച്ചു

പത്തനംതിട്ട: ലാന്റ്‌വേ ന്യൂസിന്റെ 2016 – ലെ സാഹിത്യ അവാർഡ് വിജയികളെ അനുമോദിച്ചുകൊണ്ട് ക്യാഷ് പ്രൈസും, മൊമെന്റോയും സർട്ടിഫിക്കറ്റും പത്തനംതിട്ടയ്ക്കടുത്തുള്ള മൈലപ്ര ശാരോൻ സഭയിൽ വച്ച് 2017 സെപ്റ്റംബർ 25 -ാം തീയതി വിതരണം ചെയ്തു.

ലാന്റ്‌വേ ന്യൂസിന്റെ സബ് എഡിറ്റർ ജോയി വർഗ്ഗീസ് ഇലന്തൂർ അദ്ധ്യക്ഷത വഹിച്ച യോഗം, ചീഫ് എഡിറ്റർ സന്തോഷ് പന്തളം ഉദ്ഘാടനം ചെയ്തു. എഡിറ്റർ ഷേർളി സന്തോഷ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. വിവിധ ജില്ലകളിൽ നിന്നും വിജയികളും ഉത്തരവാദിത്വപ്പെട്ടവരും കടന്നുവന്നു. പെന്തെക്കോസ്ത് സാഹിത്യം: അപചയങ്ങളും നവസാദ്ധ്യതകളും എന്ന വിഷയത്തെ ആസ്പദമാക്കി സന്തോഷ് ജോസഫ് മുഖ്യസന്ദേശം നൽകി.


ജോയി വർഗ്ഗീസ്, ഇലന്തൂർ


സന്തോഷ് പന്തളം


പാസ്റ്റർ സന്തോഷ് ജോസഫ്




വിജയികളായ എസ്ഥേർ കുഞ്ഞുമോൻ, സണ്ണി മാവേലിക്കര, സിനി സിജോ എന്നിവർക്ക് സമ്മാനങ്ങൾ ഏറ്റുവാങ്ങുന്നു.

വിജയികളായ എസ്ഥേർ കുഞ്ഞുമോൻ, സിനി സിജോ, മോഹൻ ചെറിയാൻ, സണ്ണി മാവേലിക്കര, ഷൈജു ഡാനിയേൽ, ടി. എം. വർഗ്ഗീസ് എന്നിവർക്ക് സമ്മാനങ്ങൾ നൽകി. ലേഖനം അയച്ച എല്ലാവർക്കും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ബഹുമാന്യരായ ഡി. കുഞ്ഞുമോൻ, പി. വി. ഫിലിപ്പ്, സി. ജി. ഗീവറുഗീസ്, മോഹൻ ചെറിയാൻ, സണ്ണി മാവേലിക്കര, ജോർജ്ജുകുട്ടി, എം. ജി. തോമസ് നരിയാപുരം, സജി കൊച്ചാലുംമൂട്, സാബു ദാനിയേൽ, സുനിൽ പത്തനാപുരം, വത്സമ്മ തോമസ്, ജോൺ പണിക്കർ, മറ്റു വിവിധ നിലകളിൽ പ്രവർത്തിക്കുന്ന വ്യക്തികളും പങ്കെടുത്തു. യോഗത്തിൽ സംബന്ധിച്ച എല്ലാവർക്കും ലാന്റ്‌വേ ന്യൂസിന്റെ അഡ്വൈസറി ബോർഡ് അംഗം ജെ. പി. വെണ്ണിക്കുളം നന്ദിവാചകങ്ങളും എഴുത്തിന്റെ സാധ്യതകളെക്കുറിച്ചും പറയുകയുണ്ടായി. ഷിബു വേട്ടമല, ജിംപ്റ്റി, അഖില, സനീഷ്, വിദ്യാ സന്തോഷ് തുടങ്ങിയവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

## സാം ടി. മുഖത്തലയെ ആദരിച്ചു



ക്രൈസ്തവ ഗാനരചയിതാവ്, എഴുത്തുകാരൻ, പത്രാധിപർ, പ്രഭാഷകൻ തുടങ്ങിയ മേഖലകളിൽ 26 വർഷം പിന്നിട്ട പാസ്റ്റർ സാം ടി. മുഖത്തലയെ ബഹ്റൈൻ ചർച്ച് ഓഫ് ഗോഡ് ബഥേൽ ചർച്ച് ആദരിച്ചു. സെപ്തംബർ 24 ന് ചർച്ച് ഹാളിൽ ചേർന്ന സമ്മേളനത്തിൽ പാസ്റ്റർ ബോസ് ബി. വറുഗീസ് അദ്ധ്യക്ഷത വഹിച്ചു.

കുഞ്ഞുമോൻ തോമസ്, റെജി പി. ചാക്കോ, അനൂപ് തോമസ്, ജോബി തേക്കുതോട്, സുബിൻ തങ്കച്ചൻ, ജിനു എം. ബാബു, സിജി പ്രശാന്ത് എന്നിവർ ആശംസ പ്രസംഗം നടത്തി. കെ.എം. ബാബു, ജോൺസൺ തോമസ് എന്നിവർ നേതൃത്വം നല്കി.

## കേരള സ്റ്റേറ്റ് കൺവൻഷന് ഒരുക്കങ്ങൾ ആരംഭിച്ചു

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരള സ്റ്റേറ്റ് 95 -ാമത് ജനറൽ കൺവെഷൻ 2018 ജനുവരി 22 മുതൽ 28 വരെ തിരുവല്ല രാമൻചിറയിലുള്ള സഭ സ്റ്റേഡിയത്തിൽ വച്ച് നടക്കും. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായുള്ള പ്രഥമ ആലോചനായോഗം ദൈവസഭാ കേരളാ സ്റ്റേറ്റ് ഓവർസിയറുടെ അദ്ധ്യക്ഷതയിൽ മുളക്കുഴ സീയോൻ കുന്നിൽ നടന്നു. യോഗത്തിൽ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ, ബിലീവേഴ്സ് ബോർഡ് അംഗങ്ങൾ, മുൻ കൺവൻഷൻ കൺവീനഴ്സ്, കമ്മറ്റിയംഗങ്ങൾ, സമീപ ഡിസ്ട്രിക്റ്റുകളിലെ ശുശ്രൂഷകർ, വിശ്വാസികൾ, വിവിധ ഡിപ്പാർട്ട്മെന്റ് ചുമതലക്കാർ, പുതിയതായി കൺവൻഷൻ കമ്മറ്റിയിൽ ചേർന്ന് ത്തിക്കുവാൻ താൽപര്യമുള്ളവരെല്ലാം പങ്കെടുത്തു.

2017 സെപ്റ്റംബർ 27 മുതൽ 2018 ജനുവരി 15 വരെ തുടർച്ചയായി ഓരോ ദിസവും കൺവൻഷന്റെ അനുഗ്രഹത്തിനായി ഉപവസിച്ച് പ്രാർത്ഥിക്കുന്നതിനുള്ള ക്രമീകരണം ആലോചനാ യോഗത്തിൽ നടത്തി. 2018 ജനുവരി 15 മുതൽ കൺവൻഷൻ സ്റ്റേഡിയത്തിൽ ഉപവാസ പ്രാർത്ഥന നടത്തുന്നതിനും തീരുമാനമായി. ഓവർസിയറുടെ ഈ പ്രസ്താവനയെ വലിയ ആവേശത്തോടെയാണ് ഏവരും ഏറ്റെടുത്തത്. കൺവൻഷനിൽ സ്വദേശത്തും വിദേശത്തുമുള്ള അനേകം ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കും. കൺവൻഷൻ ക്വയർ ഗാനങ്ങൾ ആലപിക്കും. പാസ്റ്റർമാരായ ജെ. ജോസഫ്, വൈ. റെജി, ജോൺസൺ ദാനിയേൽ എന്നിവർ നേതൃത്വം നൽകി.

## ഫാദർ ഉഴുന്നാലിൽ മുഖ്യമന്ത്രിയെ സന്ദർശിച്ചു



തിരുവനന്തപുരം: യമനിൽ തീവ്രവാദികളുടെ പിടിയിൽ നിന്ന് മോചിതനായ മലയാളി വൈദികൻ ഫാദർ ടോം ഉഴുന്നാലിൽ ക്ലിഫ് ഹൗസിലെത്തി മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ചു. മുഖ്യമന്ത്രിയും കുടുംബാംഗങ്ങളും വൈദികനെ സ്വീകരിച്ചു. യെമനിൽ 556 ദിവസം ഭീകരരുടെ തടവിൽ കഴിഞ്ഞ ശേഷം മോചിപ്പിക്കപ്പെട്ട ഫാദർ ടോം കഴിഞ്ഞ ദിവസമാണ് റോമിൽ നിന്ന് ഡൽഹിയിൽ എത്തിയത്. ഡൽഹിയിലെത്തിയ ഫാദർ ടോം ഉഴുന്നാലിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും കൂടിക്കാഴ്ച നടത്തിയിരുന്നു.

**LANDWAY NEWS**
EDITORIAL BOARD
*CHIEF EDITOR:*
Santhosh Pandalam
*EDITOR:*
Sherly Santhosh
*ASSOCIATE EDITOR:*
Shiju John Samuel
*SUB EDITOR:*
Joy Varghese Elanthoor
*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara
ETHIOPIA
Tariku Alemu

**Address:**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 150
USA: Dollars - 60
Canada: Dollars 75
UK: Pounds - 30
Gulf: Rs. 3000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

**വരിസംഖ്യ?**

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

**EDITORIAL DESK**



സന്തോഷ് പന്തളം

ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്ക് ദൈവത്തിന്റെ മുഖം മറഞ്ഞിരിക്കില്ലായെന്ന് മനുഷ്യർ മുമ്പാകെ വെളിപ്പെടുത്തിയല്ലോ. മറ്റു മനുഷ്യരെ സന്തോഷിപ്പിക്കുന്ന പുഞ്ചിരി, നന്മയുടെ പ്രതീകം തന്നെയാണ്.

# ചിരിച്ചുകൊണ്ടു കഴുത്തറുക്കുന്നവർ

ഈ കാലഘട്ടങ്ങളിൽ എവിടെ നോക്കിയാലും ചിരിയുടെ പിമ്പിൽ വൻ ചതിക്കുഴികൾ മറഞ്ഞിരിപ്പുണ്ട് എന്ന് പറയുന്നതിൽ യാതൊരു അതിശോക്തിയുമില്ല. കാട്ടാനയെ പിടിക്കാൻ കുഴികളുണ്ടാക്കി അതിന്റെ മേൽ കൊച്ചുതടികൾ നിരത്തി പഴവർഗ്ഗങ്ങളും ആഹാരസാധനങ്ങളും വച്ച് കുഴിയില്ലായെന്ന് ആനയെ തോന്നിക്കുമാറ് ഉണ്ടാക്കിവയ്ക്കുന്ന കെണികൾ പോലെയാണ് ഇന്നത്തെ ലോകം. കുഴിക്കകത്ത് വീഴുന്ന കാട്ടാനയെ നാട്ടാനയെക്കൊണ്ട് മെരുക്കി മനുഷ്യന്റെ കൈവിരുതിനകത്താക്കി ഒതുക്കുന്നതുപോലെയാണ് ചിലരുടെ ചിരിയുടെ മറവിലുള്ള കൊലവിളി.

നമുക്ക് ദീർഘായുസ്സ് ഉണ്ടാകുവാനും തലമുറകൾക്ക് ശാപം ഏൽക്കാതിരിക്കാനും ഞാനും നിങ്ങളും അതീവ ശ്രദ്ധയോടെ കാര്യങ്ങൾ മനസ്സിലാക്കി വേണം മുമ്പോട്ടുള്ള വഴികളിൽ യാത്ര ചെയ്യുവാൻ. അൽപ ലാഭത്തിനു വേണ്ടി ചെയ്യുന്ന ഏത് കാര്യവും പിന്നത്തേതിൽ നാശമേ വിതയ്ക്കുകയുള്ളു. നാം മുതിർന്നവരെ ബഹുമാനിക്കുകയും മോശമായി സംസാരിക്കാതിരിക്കുകയും ചെയ്യണം. നമ്മുടെ ഇടപെടലുകൾ കണ്ടുകൊണ്ടാണ് നമ്മുടെ മക്കൾ വളരുന്നതും, ജീവിക്കുന്നതും, ചിന്തിക്കുന്നതും. നാം ഒന്ന് തെറ്റിയാൽ മക്കൾ ഒരായിരം തവണ വഴി തെറ്റുമെന്ന് മുന്നമേ ചിന്തിച്ചാൽ നന്നായിരിക്കും. ചിരിക്കരുതെന്നല്ല പറയുന്ന തിന്റെ അർത്ഥം. കൊലച്ചിരി പാടില്ല എന്നത്രേ... ചിരിച്ചുകൊണ്ടു ആരുടെയും കഴുത്തറുക്കരുത്. നാശം വിതയ്ക്കുന്ന പല നിലകളിലുള്ള ചിരികൾ ഞാൻ കണ്ടിട്ടുണ്ട്.

മേഴ്സി കില്ലിംഗ് (Mercy Killing) എന്ന വാക്ക് ഞാൻ പഠിച്ചിട്ടുണ്ട് (ദയാവധം). ഒരാളിനെ തന്റെ മാറോട് ചേർത്തുപിടിച്ചുകൊണ്ട് സ്നേഹത്തോടെ പ്രാണൻ പോകാത്തനിലയിൽ കത്തികുത്തിയിറക്കുന്ന അവസ്ഥയെ എന്റെ ചിന്തയിൽ മേഴ്സി കില്ലിംഗ് എന്ന് പറയുന്നതിൽ ഞാൻ ഭയപ്പെടുന്നില്ല. ഈ ലോകത്തിൽ അൽപക്കാലം മാത്രമാണ് നമ്മുടെ ജീവിതം. ഇവിടെ കുറെ നാളുകളൊന്നും നാം ജീവിക്കുകയില്ല. ആർക്കും ഇവിടെ നിരന്തരം വാഴാമെന്നും ചിന്തിക്കുകയും വേണ്ട. മൂക്കിൽ ജീവശ്വാസമുള്ള ആർക്കും ഈ ഭൂമിയിൽ സ്വന്തമെന്ന് പറയുവാൻ ഒന്നുമില്ല എന്നോർക്കുക. പെട്ടെന്ന് വരുന്ന നന്മയ്ക്കും പ്രൗഡിക്കും പുറകിൽ ആര് നീങ്ങിയാലും പിന്നത്തേതിൽ നാശം വിതച്ച ജീവിതമാണ് ഇന്നുവരെ എനിക്ക് കാണാൻ കഴിഞ്ഞിട്ടുള്ളത്. പെയ്ത്ത് മഴപോലെ വരുന്ന നന്മയ്ക്ക് പിന്നിൽ എടുത്ത് ചാടരുത്. ചിരിച്ചുകൊണ്ട് ആരെയും വീഴിപ്പിക്കരുത്. നാം നാശം വിതച്ചാൽ നിത്യ നാശമായിരിക്കും പ്രതിഫലം.

ഇന്ന് പലരും മിടുക്കരാണ് എന്ന് നടിക്കാറുണ്ട്. ഈ മിടുക്കർ അഭിനയിച്ചുകൊണ്ടുള്ള ചിരി പ്രയോജനങ്ങൾ നടത്തി പാവങ്ങളെ വലക്കകത്ത് ആക്കുന്നു. കടലിൽ വലവിരിച്ച് മീൻ പിടിക്കുന്നവരെപോലെ കാര്യസാധ്യ ത്തിന് വേണ്ടി ചെയ്യുന്ന അടവ് പ്രയോഗങ്ങൾ ചെറുതല്ല. പാവം മീനിനറിയുകയില്ലല്ലോ തന്റെ ജീവിതം അവസാനിപ്പിക്കാനുള്ള കൊലച്ചതിക്കുഴി വിതറിയിരിക്കുന്നുവെന്ന് സന്തോഷത്തോടും കൂട്ടത്തോടും വരുന്ന മീൻ വലയ്ക്കകത്ത് കുരുങ്ങി അതിന്റെ ജീവിതം എന്നന്നേക്കുമായി തീർന്നിരിക്കും.

ചിലർ ശക്തമായിത്തന്നെ കാര്യങ്ങൾ പറയുകയും പ്രവർത്തിക്കുകയും ചെയ്യാറുണ്ട്. അങ്ങനെയു ള്ളവരെ ഭീകരന്മാരായും വഴക്കാളികളായും ഈ ലോകം ചിത്രീകരിക്കുകയും അവരോട് കൈപ്പുവച്ച് ഈ സമൂഹം പെരുമാറുകയും ചെയ്യാറുള്ളതായി ഞാൻ കണ്ടിട്ടുണ്ട്. ചിരിയുടെ മറവിലുള്ള ചതികളും, കൊലകളും, കള്ളത്തരങ്ങളും, കാപഠ്യങ്ങളും എന്റെ പ്രിയപ്പെട്ടവർ മനസ്സിലാക്കിയെങ്കിൽ എത്ര നല്ലതായിരുന്നു. ചിരിച്ചുകൊണ്ടാണ് ഹരിയാന ബാദുർഗഡ് സഭാ പാസ്റ്ററായ സേവ്യർ മാത്യുവിന്റെ മകൻ അഭിഷേകിനെ അയൽവാസികളായ ചിലർ ബൈക്കിൽ കയറ്റിക്കൊണ്ടുപോയത് മറ്റാരുമല്ല തൊട്ടടുത്തുള്ള അയൽപക്കത്തുള്ള കൊലച്ചിരിയെൻമാർ. പക്ഷേ ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്ക് ദൈവത്തിന്റെ മുഖം മറഞ്ഞിരിക്കില്ലായെന്ന് മനുഷ്യർ മുമ്പാകെ വെളിപ്പെടുത്തിയല്ലോ. മറ്റു മനുഷ്യരെ സന്തോഷിപ്പിക്കുന്ന പുഞ്ചിരി, നന്മയുടെ പ്രതീകം തന്നെയാണ്.

YOUTH corner

സന്തോഷത്തോടെ ചിരിച്ച് വിഷയങ്ങളെ അന്യോന്യം പങ്കുവച്ചാൽ നല്ലൊരു കുടുംബ ബന്ധത്തിന് തറക്കല്ലിടാം.

# ബന്ധങ്ങൾക്ക് വില കൊടുക്കുക...!



**മെർളിൻ ഷേർളി സന്തോഷ്**

ലോകം കൈക്കുമ്പിളിൻ ഒതുക്കത്തക്കവണ്ണമാണ് ഈ തലമുറകൾ ജീവിക്കുന്നത് എന്നതാണല്ലോ സത്യം. കുറെയേറെ ആൾക്കാർ ബ്ലൂവെയിൽ ഗെയിമിനാൽ ഇപ്പോൾ അടിമകളാണ്. ഇതുമൊരുനാശം വിതച്ച വിപത്താണ് എന്നറിയാമല്ലോ. പുതിയ തലമുറയുടെ കൈകളിൽ ടിറ്റർ, ഫെയ്സ്ബുക്ക്, വാട്സ് ആപ്പ് എന്നിവകൾ അവരുടെ മൊബൈൽ ഫോണിലും കമ്പ്യൂട്ടറിലും ഉണ്ട്. അവർ അത് ആവശ്യത്തിനും അനാവശ്യത്തിനും പലപ്പോഴും ഉപയോഗിക്കാറുണ്ട് എന്നതാണ്. ഇന്റർനെറ്റ് ഉപയോഗിക്കേണ്ടവണ്ണമുപയോഗിച്ചാൽ അത് നല്ലതാണ്. പക്ഷേ അങ്ങനെയല്ല പലരും പലപ്പോഴും ഉപയോഗിക്കുന്നതെന്ന് ചിന്തിക്കുമ്പോഴാണ് വിഷയങ്ങളുടെ ഗൗരവം മനസ്സിലാകുന്നത്. ചിലർ തമാശയ്ക്ക് തുടങ്ങുന്നതാണ് പിന്നെ അത് മാറ്റാൻ കഴിയാതെ പാമ്പ് പോലെ പത്തിവിടർത്തി വിഷം ചീറ്റും. അപ്പോഴേക്കും കാര്യങ്ങൾ കൈവിട്ടുപോയിരിക്കും. അതാണ് ഇപ്പോൾ ബ്ലൂവെയിലിലും സംഭവിച്ചിരിക്കുന്നത്. ഇന്റർനെറ്റ് നാം ആവശ്യത്തിന് മാത്രമാണ് ഉപയോഗിക്കേണ്ടത്. കൂടുതലും വാട്സ്ആപ്പ്, ഫെയസ് ബുക്ക് എന്നിവ സ്കൂൾ കുട്ടികളും യൗവനക്കാരും ഉപയോഗിക്കുന്നത് എന്ന് പലർക്കും അറിയയമല്ലോ. ക്ലാസിൽ പഠിപ്പിക്കുവാൻ വരുന്ന അദ്ധ്യാപകർ പോലും പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ക്ലാസ് റൂമിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നു. മുതിർന്നവരെ കണ്ടാണ് കുട്ടികൾ പഠിക്കുന്നത് എന്ന് അവർ ചിന്തിക്കുന്നില്ല. പ്രത്യേകിച്ച് വിദ്യാർത്ഥികളെക്കുറിച്ച് പറയേണ്ടതില്ലല്ലോ? മൊബൈൽ ഫോൺ ഉള്ളതുകൊണ്ടാണ് ദൂരെയുള്ള ബന്ധുവിനെ വിളിക്കുന്നതും വിലപ്പെട്ട പല കാര്യങ്ങളും വേഗത്തിൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതും എന്ന് ഓർക്കുക.

ഇത് എങ്ങനെ വിനിയോഗിക്കണം എന്നത് പല പുതിയ തലമുറകൾക്കും അറിയില്ല. നമ്മുടെ വീട്ടിലുള്ളവരുടെ കൈയിൽ ഓരോരുത്തർക്കും മൊബൈൽ ഫോൺ ഈ കാലഘട്ടത്തിലും ഉണ്ട്. പലരും ഇതിനെ മാത്രം ആശ്രയിച്ചുകൊണ്ട് സമയം പാഴാക്കുന്നു. കുടുംബത്തിലുള്ളവരോടുപോലും കാര്യങ്ങൾ തുറന്ന് സംസാരിക്കാതെ മൂകതപിടിച്ചവരെ പോലെ ഒറ്റക്കിരുന്നു പലതും കണ്ടും ചിരിച്ചും കരഞ്ഞും നേരം തള്ളിനീക്കുന്നു.

ഇങ്ങനെയുള്ളവരാണ് കുടുംബബന്ധങ്ങൾക്ക് പ്രാധാന്യം കൊടുക്കാതെജീവിക്കുന്നതും അന്യോന്യം സംസാരിക്കാതെയും കുടുംബത്തിൽ മാന്യമായ വിവരങ്ങൾ പറയാതെയും ഇരിക്കുന്നവർ മാനസികരോഗത്തിനും നിരാശകൾക്കും അടിമകളാണ് എന്ന് ചിന്തിക്കുക. ഇങ്ങനെയുള്ളവർ സ്വയം ശപിക്കുകയും നിരാശയുടെ വാക്കുകൾ പറയുകയും അനർത്ഥങ്ങൾ ചെയ്യാൻ തയ്യാറാകുകയും ചെയ്യും. സന്തോഷത്തോടെ ചിരിച്ച് വിഷയങ്ങളെ അന്യോന്യം പങ്കുവച്ചാൽ നല്ലൊരു കുടുംബ ബന്ധത്തിന് തറക്കല്ലിടാം.

*Every good gift and every perfect gift is from above, coming down from the Father of lights*

Since : 1988
GRACE Visual media
09447255475, 09447370979



**Wedding Photography & Video Graphy**
*Direction:* HEBRON DAVID (sabu)
Grace Visual Media, Shoranur
www.gracevisualmedia.com
E-mail: gracevisual@gmail.com

Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc....,
Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...

(ലാന്റ്വേ ന്യൂസിന്റെ സാഹിത്യ അവാർഡ് 2017 - ലെ ഒന്നാം സമ്മാനം നേടിയ ലേഖനം)

# മാതൃകാജീവിതം അനിവാര്യം



എസ്ഥേർ കുഞ്ഞുമോൻ

ഒരിക്കൽ പെന്തെക്കോസ്തുകാരുടെ മുഖമുദ്രയായിരുന്നു മാതൃകാജീവിതം. പെന്തെക്കോസ്തിന്റെ മുൻതലമുറക്കാർക്ക് സമ്പത്തും സൗകര്യങ്ങളും ഉണ്ടായിരുന്നില്ലെങ്കിലും മാതൃകാ ജീവിതം നിലനിർത്തിയി രുന്നു. എന്നാൽ ഇന്ന് പെന്തെക്കോസ്തിന്റെ ഏറ്റവും വലിയ ഭീഷണി എന്താണ്? ഒരുപാട് കാര്യങ്ങൾ മനസ്സിൽ ഓടിയെത്തുന്നുണ്ടാകാം. അവയിൽ പ്രധാനപ്പെട്ട ഒന്ന് മാതൃകയില്ലാത്ത ജീവിതം തന്നെ. ലോക മനുഷ്യരിൽ നിന്നും ഒട്ടും വ്യത്യസ്തരാകാതെയോ, ഒരു പക്ഷേ മറ്റുള്ളവരെക്കാൾ അധഃപതിച്ചോ ഉള്ള ജീവിതം നയിക്കുന്ന പെന്തെക്കോസ്തുകാരെ നോക്കി 'എനിക്കീ വിശ്വാസം വേണ്ട' എന്നു പറയുന്നവർ സമൂഹത്തിലനേകം. ആഭരണവർജ്ജനത്തിലോ, വേർപെട്ട സഭയിലെ അംഗത്വത്തിലോ മാത്രം ഒതുങ്ങേണ്ട തല്ല മാതൃകാ ജീവിതം.

## എന്താണ് മാതൃകാ ജീവിതം?

'മാതൃക' എന്ന വാക്കിന് കണ്ടുപഠിക്കത്തക്കത്, ദൃഷ്ടാന്തം, ഉദാഹരണം എന്നീ അർത്ഥങ്ങളാണുള്ളത്. മറ്റുള്ളവർക്ക് അനുകരിക്കാൻ തക്ക ഉന്നത ഗുണങ്ങളുള്ള ജീവിതമാണ് മാതൃകാജീവിതം. ബൈബിളിൽ ടുപൊസ്, ഹുപൊടു പൊസിസ്, ഹുപൊഗ്രമ്മൊസ് എന്നീ 3 ഗ്രീക്ക് പദങ്ങളെ 'മാതൃക' എന്ന് തർജ്ജമ ചെയ്തിരിക്കുന്നു. ദൈവജനത്തെ സംബന്ധിച്ചിടത്തോളം ദൈവവചന സത്യങ്ങൾക്കനുസരിച്ച്, ദൈവീക വിശുദ്ധിക്കനുരൂപമായ ജീവിതം ഉണ്ടാകണം. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം തിരിച്ചറിഞ്ഞ് ജീവിക്കാൻ കഴിയണം.

## ഉത്തമ മാതൃക യേശുക്രിസ്തു

'ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവട് പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു (1 പത്രൊ: 2:21) വാക്കിലും പ്രവൃത്തിയിലും ഉത്തമമാതൃക യേശു നൽകി. യേശുവിന്റെ ഗിരിപ്രഭാഷണത്തിൽ ഒരു രക്ഷിക്കപ്പെട്ട ദൈവപൈതലിന്റെ ജീവിതം എങ്ങനെ ആയിരിക്കണമെന്ന് യേശു വെളിപ്പെടുത്തി. 'നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു', 'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു' തുടങ്ങിയ പ്രസ്താവനകളിലൂടെ ഈ ലോകത്തിലെ ദൈനംദിന ജീവിതത്തിലെ അനിഷേധ്യമായ രണ്ട് വസ്തുക്കളോട് ഒരു ദൈവപൈതലിനെ ഉപമിക്കുകയാണ്. ഈ രണ്ടു വസ്തുക്കൾക്കും (ഉപ്പ്, വെളിച്ചം) പോസിറ്റീവ് ആയ ഗുണങ്ങൾ മാത്രമാണുള്ളത്. പിതാവ് സൽഗുണ പൂർണ്ണൻ ആയിരിക്കുന്നതുപോലെ നാമും സൽഗുണപൂർണ്ണരാകണമെന്ന് യേശു പ്രസ്താവിച്ചു. പ്രശസ്ത നോവലിസ്റ്റായ ലിയോ ടോൾസ്റ്റോയി യുടെ അഭിപ്രായത്തിൽ ഗിരിപ്രഭാഷണത്തെ 5 കൽപനകളിലൊതുക്കാം. യാതൊരുതര കോപദ്വേഷങ്ങളും പാടില്ല; സത്യം ചെയ്യരുത്. കോടതികളിൽ പോലും. നിരുപാധികമായ ലൈംഗിക വിശുദ്ധി ; തിന്മയെ തിന്മ കൊണ്ട് എതിർക്കാതിരിക്കുക; ശത്രുക്കളോടുള്ള നിരുപാധിക സ്നേഹം. ഈ കൽപനകൾ എല്ലാം പാലിച്ചാൽ സ്വർഗ്ഗരാജ്യം എന്ന സുവർണയുഗം ഭൂമിയിൽ പിറക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സ്വീഡൻ ബോർഗിന്റെ അഭിപ്രായത്തിൽ 'വെളിച്ചം പരത്താൻ രണ്ടു മാർഗ്ഗങ്ങളുണ്ട്; ഒന്നുകിൽ ദീപമാകുക. അല്ലെങ്കിൽ വെളിച്ചത്തെ പ്രതിഫലിപ്പിക്കുന്ന ദീപമാകുക. അല്ലെങ്കിൽ വെളിച്ചത്തെ പ്രതിഫലിപ്പി ക്കുന്ന കണ്ണാടിയാകുക. സ്നാനത്തിലൂടെ ക്രിസ്തുവിനെ ധരിച്ചിരിക്കുന്ന നമ്മിലൂടെ ലോകം കാണേണ്ടത് ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു എന്നരുളിച്ചെയ്ത യേശു കർത്താവിനെയാണ്.

യേശു കർത്താവിന്റെ പ്രവൃത്തികളും ലോകത്തിനു മാതൃകയായിരുന്നു. യേശു പറഞ്ഞു 'ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും' (മത്തായി 11:29). ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി വേഷത്തിൽ മനുഷ്യനായി ഇറങ്ങിവന്ന യേശു, മാനവന്റെ പാപവും ചുമന്നു കൊണ്ട്, രോമം കത്രിക്കുന്നവ രുടെ ഇടയിൽ മിണ്ടാതിരിക്കുന്ന കുഞ്ഞാടിനെപ്പോലെ കാൽവറി മലയിൽ യാഗമായിത്തീരാൻ തന്നെത്താൻ ഏൽപിച്ചു കൊടുത്തു. തന്റെ മുന്നിൽ വന്ന പ്രലോഭനങ്ങൾക്ക് അടിമപ്പെടാത്ത ജീവിതമായിരുന്നു യേശു വിന്റേത്. പീലാത്തോസിന്റെ ഭാര്യയും, ശതാധിപനും 'നീതിമാൻ' എന്ന് സാക്ഷീകരിക്കത്തക്കവിധത്തിലുള്ള ജീവിതമായിരുന്നു. സമൂഹത്തിൽ നിന്ന് തള്ളപ്പെട്ടവരുടെയും, രോഗികളുടെയും ആലംബഹീനരുടെയും ആശാ കേന്ദ്രമായിരുന്നു യേശു.

'നന്മയ്ക്കു പകരം തിന്മ ചെയ്യുന്നത് മാനുഷികം

നന്മയ്ക്കു പകരം തിന്മ ചെയ്യുന്നത് പൈശാചികം

തിന്മയ്ക്കു പകരം നന്മ ചെയ്യുന്നത് മൃഗീയം

തിന്മയ്ക്കു പകരം നന്മ ചെയ്യുന്നത് ദൈവീകം'

ആണെങ്കിൽ നന്മ മാത്രം ചെയ്ത തനിക്ക് ക്രൂശുമരണം വിധിച്ച ജനത്തിനു വേണ്ടി ഇവർ ചെയ്യുന്നതെന്തെ ന്നറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കേണമേ എന്ന് പിതാവിനോടപേക്ഷിച്ച യേശു ലോകത്തിന് എത്ര മഹത്തായ മാതൃകയാണ്!

## മാതൃക കുടുംബത്തിൽ

ഒരു ക്രിസ്തീയകുടുംബത്തിൽ ഭാര്യയും ഭർത്താവും മക്കളും തമ്മിലുള്ള ബന്ധം എങ്ങനെ ആയി രിക്കണമെന്ന് തിരുവചനം പഠിപ്പിക്കുന്നു.

ഭാര്യ: ഭർത്താവിന് കീഴടങ്ങേണം

ഭർത്താവ്: ഭാര്യയെ സ്നേഹിക്കേണം

മക്കൾ : അമ്മയപ്പന്മാരെ ബഹുമാനിക്കേണം

പിതാക്കന്മാർ: മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തണം.

സമൂഹത്തിന്റെ അടിസ്ഥാന ഘടകം കുടുംബമാണ്. കുട്ടികൾ ആദ്യപാഠങ്ങൾ ഉൾക്കൊള്ളുന്നത് കുടുംബത്തിൽ നിന്നുമാണ്. അമ്മയുടെ ഹൃദയമാണ് ശിശുവിന്റെ പാഠനഗൃഹം എന്ന് മിൽട്ടൻ. ഹൊവാൻ ഹെൻട്രിക്സിന്റെ അഭിപ്രായത്തിൽ കുട്ടികൾ ആകെ സമയത്തിന്റെ 1% സണ്ടേസ്കൂളിലും 16% വിദ്യാലയങ്ങളിലും 83% ഭവനങ്ങളിലുമാണ് ചിലവഴിക്കേണ്ടത്. മാതാപിതാക്കൾ മക്കളുടെ മുമ്പിൽ മാതൃകയുള്ളവരാ യിരിക്കണം.

## മാതൃക സഭയിൽ

ലോകത്തിന്റെ അശുദ്ധിയിൽ നിന്ന് വിളിച്ചു വേർതിരിക്കപ്പെട്ട ജനത്തിന്റെ സമൂഹമാണ് സഭ. സഭയിലെ അധ്യക്ഷന്മാരും, സഭാജനങ്ങളും ദൈവീക നിയമങ്ങൾക്കധീനരാണ്. അധ്യക്ഷന്മാർ നിരപവാദ്യ രും, നിർമ്മദരും മാത്രമല്ല, സുശീലനും സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവനും ദ്രവ്യാഗ്രഹമില്ലാത്ത വനുമായിരിക്കണം. ''നിങ്ങൾ എല്ലാവരും എന്നെ അനുകരിപ്പിൻ'' (ഫിലി. 3:17), ''അനുകരിപ്പാൻ നിങ്ങൾക്കു തന്നേ മാതൃകയാക്കിത്തരേണ്ടതിനത്രേ''(2 തെസ്സ 3:9) എന്നീ വാക്യങ്ങളിൽ പൗലോസ് അധ്യക്ഷനെന്ന നിലയിലുള്ള തന്റെ മാതൃകാ ജീവിതത്തെക്കുറിച്ച് സംസാരിക്കുന്നു. ആട്ടിൻകൂട്ടത്തിന് മാതൃകയാക്കിത്തീർന്നു കൊണ്ടും അധ്യക്ഷത ചെയ്‌വിൻ എന്ന് പത്രോസ് അപ്പോസ്തോലൻ പ്രബോധിപ്പിച്ചു. ബഹുകഷ്ടം സഹി ക്കേണ്ടി വന്നിട്ടും സന്തോഷത്തോടെ വചനം കൈക്കൊണ്ട തെസ്സലോനിക്യക്കാരെക്കുറിച്ച് അങ്ങനെ നിങ്ങൾ മക്കെദോന്യയിലും, അഖായയിലും പറഞ്ഞിരിക്കുന്നു. സുവിശേഷീകരണത്തിലും, കാരുണ്യ പ്രവർത്തനങ്ങ ളിലും ബലഹീനരെ താങ്ങുന്നതിലും സഭ മാതൃകയായിരിക്കേണം.

## മാതൃക ലോകത്തിന്

സഭ അഥവാ സഭയിലെ ഓരോ അംഗവും ലോകത്തിന് മാതൃകയായിരിക്കണം. ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കണം എന്നതാണ് ദൈവേഷ്ടം. കോടതി വ്യവഹാരങ്ങളിൽപ്പെടും. തമ്മിൽ തല്ലിയും, ആഡംബരങ്ങളിൽ മുങ്ങിയും കഴിഞ്ഞാൽ ലോകത്തിന് മാതൃകയായിത്തീരാൻ കഴിയുമോ? ആത്മ നിയന്ത്രണവും ദൈവീക സമർപ്പണവുമുള്ള ഒരു ജീവിതമാണ് അനിവാര്യം. അതിനായി സ്വയത്തെ ത്യജിച്ച് യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും വളരേണ്ടതാവശ്യം.

ദൈവമക്കളെ പകക്കുവാൻ വെമ്പൽ കൊള്ളുന്ന ലോകത്തിനു മുമ്പിൽ മാതൃകാപരമായ ജീവിതം അനിവാര്യം. പൗലോസിന്റെ പ്രബോധനം ഇവിടെ പ്രസ്താവനീയമാണ്. വിരോധി നമ്മെക്കൊണ്ട് ഒരു തിന്മയും പറവാൻ വകയില്ലാതെ ലജ്ജിക്കേണ്ടതിന് സകലത്തിലും നിന്നെത്തന്നെ സൽപ്രവൃത്തികൾക്ക് മാതൃകയാക്കി കാണിക്ക (തീത്തൊസ് 2:7).

---

സ്ത്രീകളുടെ പംക്തി

# ഉത്സാഹമുള്ള സ്ത്രീയെപ്പോലെയാകാം



ഷീലാ ദാസ്

ദൈവവചനത്തിൽപറയപ്പെടുന്ന പല സ്ത്രീകളെയും ഈ നാളുകളിൽ ലാന്റ്വേ യിൽ കൂടി പരിചയ പ്പെടുകയാണല്ലോ. ഓരോരുത്തരെയും ദൈവം എടുത്തു കാണിക്കുന്നത് വ്യത്യസ്ഥതയുള്ള പ്രത്യേകതകളോ ടെയാണ്. ഓരോ സ്ത്രീയെയും പരിശുദ്ധാത്മാവ് ഓരോ നിലകളിലും നമുക്ക് വെളിപ്പെടുത്തി തരുകയാണ ല്ലോ. നമ്മെയും ദൈവം ചരിത്രത്തിന്റെ താളുകളിൽ എഴുത്തിച്ചേർക്കാത്തവിധം പ്രത്യേകതയുള്ളതായി സൃഷ്ടിച്ചിരിക്കുന്നു എന്ന് ഓർക്കുക. അത് തിരിച്ചറിഞ്ഞ് ദൈവഹിതത്തിന് അനുസരണമായി പ്രവർത്തിച്ചാൽ, ദൈവം നമ്മെയും ഉയർത്തും നിശ്ചയം.

ലൂക്കോസ് 15:8-10 വരെയുള്ള വാക്യത്തിൽ ഒരു സ്ത്രീയെ നമുക്ക് കാണാൻ കഴിയുന്നു. അവൾക്ക് പത്ത് ദ്രഹ്മ ഉണ്ടായിരുന്നെന്നും അതിൽ ഒരെണ്ണം നഷ്ട്ടപ്പെട്ടുവെന്നും അത് അന്വേഷിച്ച് അവൾ കണ്ടെത്തി. നഷ്ടപ്പെട്ടത് തിരികെ ലഭിച്ചപ്പോൾ, മറ്റു ചിലരെ കൂടെ സന്തോഷം പങ്കിടുവാൻ വിളിച്ചുകൂട്ടിയെന്നും നാം അവിടെ വായിക്കുന്നു. മനുഷ്യജീവിതത്തിലെ പ്രധാനപ്പെട്ടതാണ് ദ്രഹ്മ എന്ന് നമുക്ക് മനസ്സിലാക്കാം. ആ കാലഘട്ടത്തിൽ ഒരു സ്ത്രീ നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട വസ്തുവായിരുന്നു ദ്രഹ്മ എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ചരിത്ര പശ്ചാത്തലം എന്തും ആകട്ടെ, ദ്രഹ്മ അവൾക്ക് വിലയേറിയതു തന്നെ എന്നതാണ് സത്യം.

ഒന്നാമത് അവർക്ക് നഷ്ടപ്പെട്ടതിനെക്കുറിച്ച് അവർ തിരിച്ചറിഞ്ഞു. ഇന്ന് പലർക്കും വിലയേറിയ പലതും നഷ്ടപ്പെട്ടിട്ടും തിരിച്ചറിയാതെ യാത്ര ചെയ്യുകയാണ്. ലോകത്തിന്റെ ഒഴുക്കിൽ ഒഴുകി നടക്കുമ്പോഴും വിലയേറിയത് നഷ്ടപ്പെട്ടു എന്ന് തിരിച്ചറിയാൻ കഴിയുന്നില്ല. തിരിച്ചറിഞ്ഞുവെങ്കിൽ എത്ര നല്ലതായിരുന്നു. ഈ ലോകത്തിൽ നമുക്ക് വിലയേറിയത് പലതും ഉണ്ടാകാം പക്ഷേ അതിനേക്കാൾ പ്രധാനമാകും ദൈവത്തിന് വിലയേറിയതും നാം ആണ് എന്ന് മറന്നു പോകരുത്. ലോകത്തെക്കാളും വിലയുള്ള ഒരു ആത്മാവിനെയാണ് ദൈവം നമുക്ക് തന്നിരിക്കുന്നത്. ആത്മാവിന്റെ വീണ്ടെടുപ്പിനായി ദൈവം തന്റെ പുത്രനായ യേശുവിനെ അയച്ച് വീണ്ടെടുപ്പിന്റെ ആ പദ്ധതി പൂർത്തിയാക്കി. വിലയേറിയ നമ്മെ എന്നെന്നേക്കുമായി നഷ്ടപ്പെടാതി രിക്കുവാനാണ് എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടായാൽ, ദൈവത്തിങ്കലേക്ക് മടങ്ങിവന്നാൽ സ്വർഗ്ഗം സന്തോഷിക്കും. പ്രീയ സഹോദരി, നീ ദൈവത്തിൽ നിന്നും നഷ്ടപ്പെട്ട കൂട്ടത്തിലാണെങ്കിൽ മടങ്ങിവരാൻ ഒട്ടും മടി കാണിക്കേണ്ട കാരണം മനുഷ്യന്റെ അടുക്കലേക്കല്ല ദൈവത്തിലേക്കാണ് മടങ്ങിവരുന്നത് എന്ന് ഓർക്കുക.

രണ്ടാമത് അവർ ഉത്സാഹത്തോടെ അന്വേഷിച്ചു അതിനെ കണ്ടെത്തി എന്നതാണ്. ചിലർ നഷ്ട്ടപ്പെട്ടത് അറിഞ്ഞാലും അത് ഗൗരവമായി എടുക്കുന്നില്ല. ഈ സ്ത്രീ വിഷയത്തെ ഗൗരവമായി കണ്ടു. ആരെയും അന്വേഷണത്തിൽ ഉൾപ്പെടുത്തിയില്ല. മറ്റുള്ളവരുടെ അഭിപ്രായം കേൾക്കാൻ അവർ ആഗ്രഹിച്ചില്ല. തന്റെ വ്യക്തിപരമായ ജീവിതത്തിലെ നഷ്ടം താൻ അന്വേഷിച്ച് പരിഹരിച്ചു. പ്രാർത്ഥനയോടെ അവൾ അന്വേഷി ച്ചപ്പോൾ അത് കണ്ടെത്തി എന്നതാണ് യാഥാർത്ഥ്യം. ഈ നാളുകളിൽ ദൈവത്തിൽ നിന്നും ഖനമായത് തിരിച്ചറിഞ്ഞാൽ, മാനുഷിക അഭിപ്രായങ്ങൾ നോക്കാതെ പ്രാർത്ഥനയോടെ തിരുവചനത്തിലേക്ക് തിരിയുക. നഷ്ടപ്പെട്ടത് താങ്കൾക്ക് ദൈവം കാണിച്ചുതരും. ജീവിതത്തിലെ ഏറ്റവും പ്രധാനമായത് നിത്യമായ രക്ഷയാണ്, നിത്യജീവനാണ്. അത് തിരുവചനത്തിൽ അന്വേഷിച്ചു കണ്ടെത്തണം. എത്ര വലിയ നിക്ഷേപങ്ങൾ നമുക്ക് ഭൂമിയിലുണ്ടെങ്കിലും നിത്യരക്ഷയെക്കുറിച്ച് ബോദ്ധ്യം പ്രാപിച്ചില്ലെങ്കിൽ താങ്കളുടെ നഷ്ടം നഷ്ടംതന്നെയാണ്. ഉത്സാഹത്തോടെ അന്വേഷിച്ച ആ സ്ത്രീ അത് കണ്ടെത്തിയത് പോലെ കണ്ടെത്തിയേ മതിയാവൂ.

മൂന്നാമതായി, അവർക്ക് നഷ്ടപ്പെട്ടത് ലഭിച്ചപ്പോൾ അത് ലഭിച്ച സന്തോഷം പങ്കിടുവാൻ ചിലരെയും കൂടെ കൂട്ടിവരുത്തി. നമുക്ക് ലഭിച്ച സന്തോഷം നാം പങ്കിടാറുണ്ടോ? നിത്യജീവനെക്കുറിച്ച് ഉറപ്പ് പ്രാപിച്ച നാം അത് പങ്കിടുന്നില്ലെങ്കിൽ മറ്റുള്ളവർ അത് അറിയാതെ പോകതും. അവരുടെ നഷ്ടങ്ങളെ അവർ തിരിച്ചറിയണമെങ്കിൽ അന്വേഷിച്ചു കണ്ടെത്തിയതായ നാം പറയുവാൻ തയ്യാറാകണം. പ്രീയ സഹോദരി, നിനക്ക് ലഭിച്ച വിലയേറിയ അനുഭവങ്ങൾ പങ്കുവയ്ക്കുവാൻ ഈ സ്ത്രീ നമ്മെ ബുദ്ധി ഉപദേശിക്കുന്നു. അവർ ഉത്സാഹത്തോടെ അന്വേഷിച്ചില്ലെങ്കിൽ ഒരിക്കലും കണ്ടെത്തുകയില്ലായിരുന്നു. അവർ വിളിച്ചുകൂട്ടിയില്ലെങ്കിൽ അവളുടെ അനുഭവസാക്ഷ്യം ആരും അറിയുമായിരുന്നില്ല. നഷ്ട്ടപ്പെട്ടവരായിരുന്ന നമ്മെ തിരിച്ചറിയുവാൻ സഹായിച്ച ദൈവം മറ്റു ചിലരെയും കൂടെ നേടുവാൻ നമ്മെ വിളിക്കുന്നു.



Tennison Mathew
Kalayathinal,
Missionary & Superior
[S.India]of MATE/FCC,
Canada

# Examples for Learning from Christ



**God has gone out of His way to clearly show us how He loves. His love surpasses pretty promises and is demonstrated in the reality of His actions. Christ, through His commands and examples, expects no less of His disciples.**

Christ establishes clearly and without apology that His disciples are to become like Him. "A disciple is not above his teacher, nor a slave above his master. It is enough for the disciple that he become as his teacher, and the slave as his master" (Mathew 10:24-25). Christ here is claiming to be the teacher and master. In other words He is saying, "You should become like me. Don't think you must surpass Me or look elsewhere. I am sufficient in every way. Follow my example." Consider now how Christ, when training His disciples, Purposely shows Himself in four ways to be the example to follow.

***A. Examples in being sent.***

The Great Commission (Mathew28:19) sends the disciples out is an often hostile, uncaring world to make more disciples, Is in mission one that has been done before? Consider these words: "As thou didn't send me in to the world, I also have sent them in to the world."(John 17:18) Christ himself was sent just as He sends his disciples. It is amazing to think that a God who could do as He pleased got painfully and personally involved. He sent his only son, His very best, to save us. Note these two points: first Christ knows what it is to be sent because He was sent; He is very clearly telling His disciples by His example and command that they are sent to this world.

***B. Example in Service.***

The Lord Jesus on the night of his death washed to the feet of His disciples. Foot washing was a common practice after walking on dirty roads all day. Normally this act of care and service would already have been performed before the meal. But nobody did it, so Jesus gets up and does it Himself. After He finishes He says, "For I gave you an example that you also should do as I did to you."(John 13:15). Furthermore, He says," For even the son of Man did not come to be saved, but to serve and to give His life a handsome for many"(Mark 10:45). Christ by His example showed His disciples what it meant to be a servant and taught that they should also serve.

***C. Example in suffering.***

Christ also taught that the disciple would be slandered and falsely accused, just as He was the disciple's work could also be attributed to Satan himself (Mathew 10:24-25). Christ continues and says the disciple is not to fear those who kill only the body but to fear one who can destroy both body and soul in hell. A disciple quickly finds that Christ's teachings turn contrary to that of society. The often hostile world can be expected to react in a way that can cause the disciple suffering. Consider these verses: "For you have been called for this purpose, since Christ also suffered for you, leaving you an example for you to follow in His steps" (I peter 2:21) and how did he handle suffering? Does He run from it or fight against? No, but "while being reviled, He did not revile in return, while suffering, He uttered no threats, but kept entrusting Himself to Him who judges righteously" (I peter2:23).Christ by teaching said the disciple will suffer and by his own graphic example in life and death showed what the proper response to suffering should be.

***D. Example in love.***

In Christ's instruction to his disciples about fruit bearing He says, "By this is My Father glorified, that you bear much fruit, and so prove to be My disciples"(John 15:8). He adds, " this is My commandment, that you love one another, just I have loved you" (John 15:12). Christ commanded the disciple to love certainly the deceptive heart of man would find many ways to call His actions toward others love. But God leaves us with an example that can't be misunderstood: "But God demonstrates His own love toward us, in that while we were yet Sinners, Christ died for us" (Rom 5:8). God has gone out of His way to clearly show us how He loves. His love surpasses pretty promises and is demonstrated in the reality of His actions. Christ, through His commands and examples, expects no less of His disciples. They are to love each other as He loved them. "Having loved His own who were in the world, he loved them to the end" (Jhon13:1).

God works through us as we first follow the example of Christ. As our lives become obedient to the word of God, we begin to disciples He can use. He wants us to be able to say with confidence, "Follow as I am following Christ. I will, show you the goodness and the riches of God in Christ and when you learn about it, you can show somebody else." Where are men and women who can say this? Is this slandered too high? Certainly not! Christ's calling of a disciple comes with the ability to be one.

വിസിറ്റിംഗ് വിസ
സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈത്ത്, മസ്കറ്റ്,
ബഹ്റിൻ, സിംഗപ്പൂർ & മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ
സന്ദർശിക്കുന്നതിനും തൊഴിലന്വേഷിക്കുന്നതിനും വിസിറ്റിംഗ്
വിസകൾക്കും സമീപിക്കുക
GLOBAL CARE TRAVEL SERVICES ESTD 1998
2nd Floor, 17/1246 C2, Pathoor Tower,
Puthiyara road, Stadium Junction, Calicut - 4
Phone: 0495-2720881, 0495 4010970, Mobile: +91 9447040281
Email: globalcalicut@gmail.com, globalcareccj@gmail.com







North - Korea

## North Korea tests Hydrogen bomb, threats third world war



North Korea says it has successfully tested a nuclear weapon that could be loaded on to a long-range missile. Pyongyang insisted the nuclear test was a hydrogen bomb, a device many times more powerful than an atomic bomb but western powers have been reluctant to verify the claim. President Donald Trump said last week that "military action would certainly be an option

The secretive communist state said its sixth nuclear test was a "perfect success", hours after seismologists had detected an earth tremor.

Analysts say the claims should be treated with caution, but its nuclear capability is clearly advancing.

North Korea last carried out a nuclear test in September 2016. It has defied UN sanctions and international pressure to develop nuclear weapons and to test missiles which could potentially reach the mainland US.

South Korean officials said the latest test took place in Kilju County, where the North's Punggye-ri nuclear test site is situated.

The "artificial quake" was 9.8 times more powerful than the tremor from the North's fifth test, the state weather agency said.

India - USA

## iPhone X, iPhone 8 Price in India Almost 40 Percent More Than the US Price



iPhone X price in India has created a new benchmark for expensive phones in India, topping the Rs. 1 lakh mark with the 256GB variant. Before this, the highest price tag for a phone was iPhone 7s Plus 256GB's Rs. 92,000 at the time of the handset's launch, but the iPhone X India price tag tops that by Rs. 10,000. There is, of course, the 64GB variant that costs Rs. 89,000 but even that is not pocket friendly. The high iPhone X price in India seems even more expensive when you consider the US pricing of the handset, which once again raises the question whether buying it from the US is a better option.

Starting with the flagship iPhone X, the 64GB variant of the smartphone has been priced by the Cupertino-based company in US at $999. In India, the handset will be made available at a steep price of Rs. 89,000 which roughly translates to $1,388, around 39 percent more than in the US. If we talk about the 256GB storage variant of the iPhone X, the price in India sets you back by Rs. 1,02,000, while the US pricing stands at $1,149, around 39 percent higher than the US again.

EUROPE/UK

## Fr.Tom says; Yemeni Kidnappers did not harm him physically



VATICAN CITY: The Rev. Tom Uzhunnalil told reporters Saturday that his kidnappers "have not injured me at all." Uzhunnalil lost about 30 kilograms (66 pounds) during the captivity and was weak. Uzhunnalil said his captors procured tablets to treat his diabetes, and took care of him by giving him food and encouraging exercise indoors.

Father Tom Uzhunnalil was kidnapped in March 2016 during an attack on a home for the aged in Aden that left 17 dead

A Catholic priest from India who was held for 18 months by militants in Yemen said on Saturday that he was never physically harmed during his captivity, even if his captors feigned hitting him in videos seeking ransom.

Father Tom Uzhunnalil was kidnapped in March 2016 from a home for the aged in the southern port city of Aden that was established by Mother Teresa's Missionaries of Charity. Four nuns were killed during the attack. Fr Uzhunnalil's voice broke as he expressed his condolences during his first public statements on his ordeal.

"I thank God almighty for this day. He saved me healthy enough. Clear mind. Emotions under control until now," the 59-year-old priest said. "God has been extremely kind to me. No gun was pointed at me."

Fr Uzhunnalil said he was taken away in the boot of a car. He was last seen in a video circulated online in December 2016, in which he appealed to Indian prime minister Narendra Modi and Pope Francis to secure his freedom.

The priest had an audience with the pope last week after flying to Rome from Oman and has been in the Vatican City since then.

GULF – DUBAI

## U.A.E Announces World's largest Solar Power Plant

Dubai has announced plans to build the world's largest concentrated solar power (CSP) facility by 2030 as part of a wider push towards renewable energy.

The plant, located within the Mohammed bin Rashid Al Maktoum Solar Park, is set to generate 1,000 megawatts of power by 2020, and up to five times that amount by 2030.

Sheikh Mohammed bin Rashid, Vice President of UAE and Ruler of Dubai, hailed the launch of the world's largest concentrated solar power (CSP) plant, a milestone in the emirate's ambition to generate 75 per cent of its energy needs from renewable sources by 2050.



The Dubai Electricity and Water Authority (Dewa) said on Saturday that it had selected Saudi Arabia's Acwa Power and China's Shanghai Power to build a 700MW extension to the Mohammed bin Rashid Al Maktoum Solar Complex, providing more than three times the capacity of the initial plans for the extension.

INDIA

## Indian doctor new WHO deputy director-general

NEW DELHI: Dr Soumya Swaminathan, director-general of the Indian Council of Medical Research (ICMR) and secretary to the department of health research, has been appointed the World Health Organisation's (WHO's) deputy directorgeneral, programmes, in Geneva. This is the second-highest position at the UN agency.

The new WHO leadership team was announced on Tues-



day by director-general Dr Tedros Adhanom Ghebreyesus, who was elected to the post in May. "The team represents 14 countries, including all WHO regions, and is more than 60% women, reflecting my deep held belief that we need top talent, gender equity, and a geographically diverse set of perspectives to fulfil our mission to keep the world safe," Ghebreyesus said.

## പാട്ടിന്റെ വഴി

**വിൽസൻ ചേന്ദനാട്ടിൽ**

# സീയോൻ യാത്രയതിൽ മനമെ ഭയമൊന്നും വേണ്ടിനിയും

‘‘ഞാൻ യഹോവയെ എല്ലാ കാലത്തും വാഴ്ത്തും അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും.’’ ദാവീദിന്റെ ജീവിതാനുഭവങ്ങൾക്ക് ദൈവാത്മാവ് പ്രത്യാശയുടെ ചിറകുനൽകിയപ്പോൾ യിസ്രായേലിലെ ആ മധുര ഗായകൻ പാടിയതാണ് പല സങ്കീർത്തനങ്ങളും സർവ്വ ചരാചരങ്ങളുടെയും സ്രഷ്ടാവും, പരിപാലകനുമായ ദൈവത്തെ രുചിച്ചറിയുവാൻ ഇടയാകുന്ന സന്ദർഭങ്ങൾ പലതാണ്. അത് സന്തോഷകരമാകാം, ദുഃഖകരമാകാം. ‘‘സീയോൻ യാത്രയതിൽ മനമെ ഭയമൊന്നും വേണ്ടിനിയും’’ എന്ന് വിൽസൻ ചേന്ദനാട്ടിൽ കുറിക്കുന്നതിന്റെ പിന്നിലും ഒരനുഭവം ഉണ്ട്. കേരളാ ഗവൺമെന്റിൽ റവന്യൂ ഡിപ്പാർട്ടുമെന്റിൽ സ്പെഷ്യൽ വില്ലേജ് ഓഫീസറായി സേവനം അനുഷ്ഠിക്കുന്ന കാലം. കാര്യസാദ്ധ്യങ്ങൾക്കായി പലരും സമീപിക്കുമ്പോൾ ദൈവസന്നിധിയിൽ നീതി പുലർത്തിയും, വിശ്വസ്തതയോടും ജോലി ചെയ്തുകൊണ്ടിരുന്നു. ഒരുനാൾ ഉറ്റസ്നേഹിതന്റെ പിതാവ് വഴിവിട്ട ഒരുകാര്യ ചെയ്തുകൊടുക്കുവാൻ ആവശ്യപ്പെട്ടു, താനത് ചെയ്തില്ല. സഹപ്രവർത്തകർക്ക് ലഭിക്കേണ്ട നന്മ അനീതിക്ക് കൂട്ടുനിൽക്കുവാൻ താൻ തയ്യാറാകാഞ്ഞതിനാൽ ലഭിച്ചില്ല. വിദ്വേഷം വർദ്ധിച്ചു രണ്ടാഴ്ച്ചയോളം ആരും തന്നോട് സംസാരിച്ചില്ല. എല്ലാവരും ഒറ്റപ്പെടുത്തി. ഭോഷനായ മനുഷ്യൻ എന്നു പറഞ്ഞു പരസ്യമായി ആക്ഷേപിച്ചു.

താങ്ങാനാകാത്ത ഹൃദയ ഭാരത്തോടിരിക്കുമ്പോൾ പരിശുദ്ധാത്മാവിൽ ഇങ്ങനെ പാടി ‘‘ലോകത്തിൻ ദൃഷ്ടിയിൽ ഞാൻ ഒരുഭോഷനായ് തോന്നിയാലും ദൈവത്തിൻ ദൃഷ്ടിയിൽ ഞാൻ എന്നും ശ്രേഷ്ഠനായ് മാറിടുന്നു സീയോൻ യാത്രയതിൽ മനമെ ഭയമൊന്നും വേണ്ടിനിയും’’. ഒരു സുവിശേഷ പ്രവർത്തകനായിരുന്ന ചാക്കോയുടെയും സാറാമ്മയുടെയും മകനായി 1962 മെയ് 20 -ാം തീയതി ജനിച്ചു. 55 ഗാനങ്ങൾ രചിച്ചു. ഓരോ ഗാനങ്ങളും എഴുതിയതിനു ശേഷം അത് ജീവിതത്തിൽ അനുഭവമായ് മാറി. ഇൻഡ്യൻ സുവാർത്താ സമിതിയിലെ സി.റ്റി. ഏബ്രഹാം അവറുകളുടെ മ്യൂസിക് ടീമിൽ, അദ്ദേഹത്തിന്റെ നിർദ്ദേശത്തെ തുടർന്ന് ആദ്യഗാനം എഴുതി. ‘‘ദൈവമേ നീ എൻ ദൈവം’’ ഗാനങ്ങളുടെ ആവശ്യകതയും, പ്രാധാന്യതയും ഗ്രഹിച്ചുകൊണ്ട് തുടർന്നും പാട്ടുകളെഴുതാനും പാടുവാനും ഇടയായി. മാരാമൺ കൺവൻഷനിൽ മിക്കവാറും ഗാനങ്ങൾ പ്രസിദ്ധീകരിച്ചു. ‘‘നിൻ ദാനം ഞാൻ അനുഭവിച്ചു നിൻ സ്നേഹം ഞാൻ രുചിച്ചറിഞ്ഞു’’.

സുവാർത്തയിലെ പ്രവർത്തനത്തിനിടയിൽ രാഷ്ട്രീയ സ്വാധീനത്താൽ ചിലർ ഒരു സംഘടന രൂപീകരിച്ച് ശമ്പള വർദ്ധനവിന് ആവശ്യപ്പെട്ടു. മിക്കവാറും എല്ലാവരും അതിനെ അനുകൂലിച്ചു. ഡയറക്ടർ സ്ഥലത്തില്ലായിരുന്നു. 1980 -ൽ 500 രൂപാ ശമ്പളം വാങ്ങി പ്രവർത്തിച്ചിരുന്ന താൻ അവിടെ സംഗീത വിഭാഗത്തിന്റെ പൂർണചുമതല വഹിച്ചിരുന്നു. പറഞ്ഞ ശമ്പളം കൃത്യമായി ലഭിച്ചിരുന്നതിനാൽ തന്റെ വീട്ടുകാര്യങ്ങൾ നന്നായി നടന്നു. സുവാർത്ത എന്ന സ്ഥാപനം മംഗലാപുരത്തേക്ക് മാറ്റുവാൻ തീരുമാനമായി. മംഗലാപുരത്ത് ചെല്ലുവാൻ തന്നെയും ക്ഷണിച്ചു. ചിലർ പിരിഞ്ഞുപോയി. ചിലർ മംഗലാപുരത്ത് പോകുവാൻ തീരുമാനിച്ചു.

വിൽസൻ തന്റെ മാതാവിനെയും സംരക്ഷിച്ച് കൊച്ചുവീട്ടിൽ കഴിയുന്നതിനാൽ മംഗലാപുരത്തിന് പോകുവാൻ ഇഷ്ടപ്പെട്ടില്ല. മനസ്സിൽ വലിയ വേദന നിഴലിച്ചു. ഭാരം ഏറിവന്നു. നാളയെക്കുറിച്ച് ഓർത്തു. മാതാവിന്റെ സംരക്ഷണം, മനസ്സിൽ താലോലിക്കുന്ന സ്വപ്നങ്ങൾ, ഈ സമയം പരിശുദ്ധാത്മാവ് പറഞ്ഞു തന്നു. ‘‘നിൻ ദാനം ഞാൻ അനുഭവിച്ചു നിൻ സ്നേഹം ഞാൻ’’. സാഹചര്യത്തിന് അന്ന് അനുകൂലമല്ലീ വരികൾ എന്നു തോന്നിയെങ്കിലും ഈ ഗാനം അടുത്ത ചൊവ്വാഴ്ച 150 പേർ അടങ്ങുന്ന യോഗത്തിൽ പാടി, യോഗാനന്തരം വീട്ടിൽ വന്നപ്പോൾ ആ വരികൾ അന്വർത്ഥമാക്കിക്കൊണ്ട് ആ നന്മകണ്ടു സന്തോഷിച്ചു. മൂന്നുവർഷം മുമ്പ് ഇന്റർവ്യൂ നടത്തിയിരുന്ന ജോലിയിൽ പ്രവേശിക്കാൻ അപ്പോയ്മെന്റ് ഓർഡർ ലഭിച്ചു. അങ്ങനെ 1981 -ൽ തൃശൂരിൽ റവന്യൂ ഡിപ്പാർട്ട്മെന്റിൽ ജോലിയിൽ പ്രവേശിച്ചു.

> **എല്ലാ പാട്ടുകളും പ്രശസ്തി പിടിച്ചുപറ്റുന്നില്ല എന്ന കാരണത്താൽ അങ്ങനെയുള്ള പാട്ടുകൾ മോശമാണെന്ന് ചിലരുടെ അഭിപ്രായത്തോട് താൻ യോജിക്കുന്നില്ല. പാട്ടുകളെല്ലാം നല്ലതാണെന്നും എന്നാൽ അത് സാധാരണക്കാർക്ക് പാടാൻ കഴിയാത്തതിനാൽ പ്രശസ്തിയാർജ്ജിക്കുന്നില്ല എന്നേയുള്ളു എന്നും അദ്ദേഹം പറയുന്നു.**

‘‘എല്ലാം നന്മയ്ക്കായി സ്വർഗ്ഗതാതൻ ചെയ്തീടുന്നു’’ ഗവൺമെന്റ് ഉദ്യോഗസ്ഥനാണെങ്കിൽ പോലും സ്വന്തമായി ഒരു ഭവനം ഉണ്ടായിരുന്നില്ല. വിവാഹാലോചനകൾ വന്നുകൊണ്ടിരുന്നു. സാമ്പത്തിക ശേഷിയുള്ള പലതും വന്നുവെങ്കിലും വീടില്ല എന്ന കാരണത്താൽ മാറിപ്പോയി. നടക്കുമെന്ന് വളരെ പ്രതീക്ഷിച്ചതും, അവരുടെ സാമ്പത്തിക നന്മകണ്ടു രക്ഷപ്പെട്ടു എന്ന് ആശിച്ചതുമായ വിവാഹം നടന്നില്ല. വലിയ നിരാശതോന്നി. എപ്പോഴും തുണയായിരിക്കുകയും പോകേണ്ടുന്ന വഴി ഉപദേശിച്ചു തരുകയും ചെയ്യുന്ന പരിശുദ്ധാത്മാവാം ദൈവം സംസാരിച്ചു. ‘‘സകലവും നന്മയ്ക്ക്’’ തൂലിക ചലിച്ചു തുണ്ടുകടലാസ് അത് ഏറ്റുവാങ്ങി ഇന്നും ആ ഗാനം പുതുമയോടെ പാടിക്കൊണ്ടിരിക്കുന്നു. ‘‘എല്ലാം നന്മയ്ക്കായി സ്വർഗ്ഗതാതൻ ചെയ്തീടുന്നു’’.

സൗദിയിൽ മിനിസ്ട്രി ഓഫ് ഹെൽത്ത് സർവ്വീസിൽ നേഴ്സായിരുന്ന എൽസി 45 ദിവസത്തെ അവധിക്ക് നാട്ടിൽവന്നു. സാമ്പത്തികശേഷിയുള്ള വിവാഹാലോചനകൾ പലതും വന്നു. വീടോ സ്വത്തോ ഒന്നുമില്ലെങ്കിലും രക്ഷിക്കപ്പെട്ട ഒരാൾ തന്റെ ജീവിതപങ്കാളിയാകണം എന്ന് എൽസി യുടെ ദൃഢനിശ്ചയത്തിന് മുമ്പിൽ അവയെല്ലാം പുറകോട്ട് തള്ളി. ഒടുവിൽ വിൽസൻ എന്ന യുവാവുമായി വിവാഹം ആലോചിച്ചു. സകലവും നന്മയ്ക്ക് എന്ന് വാക്കുപറഞ്ഞവൻ നന്മയിലേക്ക് നടത്തി. ഒരാഴ്ച കൊണ്ട് വിവാഹം മംഗളമായി നടന്നു. 1984 ജനുവരി 20 -ാം തീയതി വിവാഹനാളിൽ രാവിലെ കുടുംബത്തിൽ ബന്ധുക്കളായ പലരും നിസാരകാര്യത്തിന് പിണങ്ങി വിവാഹത്തിന് സഹകരിക്കുവാൻ കഴിയില്ല എന്നു പറഞ്ഞ് വീട്ടിൽ നിന്നും പോയി. അപ്പോഴും വിൽസൻ പാടി സ്വന്തജനം കൈവിട്ടാലും ബന്ധുക്കളോ മാറിയാലും, യേശു എന്നെ കൈവിടില്ല ക്ലേശങ്ങളിൽ താങ്ങിടും താൻ. അങ്ങനെ ഒരു ഹിറ്റ് ഗാനംകൂടി പിറന്നു ശാന്തതുറമുഖം അടുത്തു എന്റെ കാന്തനോടേറ്റം അടുത്തു.

വീടില്ലാ എന്ന കാരണത്താൽ വിവാഹം നടക്കാതെപോയി എങ്കിൽ പല വീടുകൾ പിന്നീട് ദൈവം നൽകി. മക്കൾ ക്രിസ്റ്റഫർ, ജാക്സൺ. കളർകോട് മഹാദേവന്റെ ശിഷ്യനായി വയലിനും, പുല്ലാട് മാത്യു സാറിന്റെ ശിഷ്യനായി ഓർഗനും ഗിറ്റാറും പഠിച്ച വിൽസൻ ചേന്ദനാട്ടിൽ സംഗീത അദ്ധ്യാപകനായും പ്രവർത്തിച്ചു. നല്ലൊരു ദേശം എത്ര സുന്ദര ദേശം, നല്ലൊരു ഭടൻ മുതലായ കാസറ്റുകളിലും, മിക്ക പാട്ടുപുസ്തകങ്ങളിലും വിടുതൽ ഗാനങ്ങൾ എന്ന പാട്ടുപുസ്തകമായും തന്റെ ഗാനങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നു.

ചെങ്ങന്നൂരിൽ താമസിച്ച് ‘‘വിൽസൻ കോറസ്’’ എന്ന സംഗീത ട്രൂപ്പിന്റെ മ്യൂസിക് ഡയറക്ടർ നേതൃത്വം കൊടുക്കുന്നു. എല്ലാ പാട്ടുകളും പ്രശസ്തി പിടിച്ചുപറ്റുന്നില്ല എന്ന കാരണത്താൽ അങ്ങനെയുള്ള പാട്ടുകൾ മോശമാണെന്ന് ചിലരുടെ അഭിപ്രായത്തോട് താൻ യോജിക്കുന്നില്ല. പാട്ടുകളെല്ലാം നല്ലതാണെന്നും എന്നാൽ അത് സാധാരണക്കാർക്ക് പാടാൻ കഴിയാത്തതിനാൽ പ്രശസ്തിയാർജ്ജിക്കുന്നില്ല എന്നേയുള്ളു എന്നും അദ്ദേഹം പറയുന്നു. സ്വന്തം അനുഭവങ്ങളിൽ അങ്കുരിക്കുന്ന വാക്കുകൾക്ക് ചിറകുകൾ വെയ്ക്കുമ്പോൾ പാട്ടിനുവേണ്ടി പാട്ടെഴുതാത്തതിനാൽ പാടുവാൻ എല്ലാവർക്കും കഴിയുന്നില്ലാ എന്നും താൻ കൂട്ടിച്ചേർക്കുന്നു. ‘‘അത്തി തളിർത്തുവല്ലോ’’, ‘‘ഉണർവിൻ വരം ലഭിപ്പാൻ’’ എന്റെ ദൈവ എന്നെ പോറ്റുന്നു

നല്ലൊരു ദേശം എത്ര സുന്ദര ദേശം നിന്റെ ദാനം ഞാൻ.....ഭൂവാസികളെ യഹോവയ്ക്കാർപ്പിടുവിൻ

മഹിമ കണ്ട സാക്ഷികളെ...യാക്കോബിൻ വല്ലഭന്റെ ഭുജബലത്താൽ....സീയോൻ യാത്രയതിൽ മനമേ....ശാന്ത തുറമുഖം അടുത്തു....എന്നിങ്ങനെ 55 -ൽ അധികം ഗാനങ്ങൾ ക്രൈസ്തവ ലോകത്തിന് കാഴ്ചവച്ചു.

## ബൈബിൾ ക്വിസ് - ഒക്ടോബർ 2017

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം • ബ്ലെസ്സി ജോസഫ്, രണ്ടാം സമ്മാനം • പാസ്റ്റർ സി. ജോൺ, ന്യൂഡൽഹി**

**മർക്കോസ് അദ്ധ്യായം 1 മുതൽ 8 വരെയുള്ള അദ്ധ്യായങ്ങൾ**

1. വല നന്നാക്കിക്കൊണ്ടിരുന്നപ്പോൾ ഉണ്ടായിരുന്ന രണ്ടു വ്യക്തികൾ ആരൊക്കെ?
2. ചുങ്കസ്ഥലത്ത് നിന്ന് യേശുവിന്റെ വാക്ക്കേട്ട് അനുഗമിച്ച വ്യക്തി ആര്?
3. അബ്യാഥാർ മഹാപുരോഹിതന്റെ കാലത്ത് ദൈവാലയത്തിൽ ചെന്ന വ്യക്തി ആര്?
4. ഇടിമക്കൾ എന്നർത്ഥമുള്ള പേര് എന്ത്?
5. കരിതിന്മേൽ വിളയുന്നത് എന്ത്?
6. ബാലേ എഴുന്നേൽക്ക എന്നർത്ഥം വരുന്ന വാക്ക് ഏത്?
7. ഹെരോദാവ് ഭയപ്പെട്ട വ്യക്തി ആര്?
8. യവന സ്ത്രീയുടെ ജാതി ഏതായിരുന്നു?
9. എഫഥാ എന്ന വാക്കിന്റെ അർത്ഥം ഏത്?
10. യേശു ശാസിച്ച ശിഷ്യൻ ആര്?

**2017 സെപ്റ്റംബർ മാസത്തിലെ ശരി ഉത്തരങ്ങൾ**

1. മുൻപും പിൻപും നടന്ന പുരുഷാരം (മത്തായി 21:9), 2. ഒന്നാമത്തവൻ (21:31), 3. കർത്താവ് (22:44), 4. തന്നത്താൻ താഴ്ത്തുന്നവൻ (23:12), 5. കുരുടന്മാരായ വഴികാട്ടികൾ (23:24), 6. ശവം ഉള്ളയിടത്ത് (24:28), 7. നീതിമാൻ (25:46), 8. യൂദയോട് (26:25), 9. അരിമഥ്യക്കാരനായ യോസേഫ് (27.57), 10. മറിയ, മറ്റെ മറിയ (28:1–9).

**നറുക്കെടുപ്പിലൂടെ സമ്മാനം ലഭിച്ചവർ:**

*ഒന്നാം സമ്മാനം*: Mrs. Rita Shibu, Perumaramnilkkunethil, Pulikkalkavala, Kottayam.

*രണ്ടാം സമ്മാനം:* Mr. Baby Babu, Jeevan Villa, Mnnathalvadakku, Cheruthoni, Idukki.

**ശരി ഉത്തരം അയച്ചവർ**: 1). Rajani A, Ayiramthai Veedu, Kachampazhinji P.O, Thiruvananthapuram. 2). Shyni Cherian, Vadakkumkaramannil, Elavumthitta P.O, Nallanikunnu, Pathanamthitta. 3). Omega Baiju Chittar, Church of God, Mukkulam East P.O, Elamkodu, Idukki. 4). Siji Sojan, Grace Theological Collage, Vennikulam P.O. 5). Anitha Kumari, Ayiramthai Veedu, Kachampazhinji P.O, Thiruvananthapuram.6). Nithin, Nitihin Bhavan, Kuzhivila Puthuval, Venkadamba. 7). Elsy Vijayan, A.G. Church, Chandappini P.O, Trissure. 8). Baby Babu, Jeevan Villa, Mnnathalvadakku, Cheruthoni, Idukki. 9). Manoj V.K, Shain Nivas, Mandanathu Vadakku, Nedumankavu, Pathanmthitta. 10). Rita Shibu, Perumaramnilkkunethil, Pulikkalkavala, Kottayam

**നിബന്ധനകൾ**

1. എല്ലാ മാസവും 25–ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈ മെയിലിലോ, എസ്.എം.എസിലോ (9447440441) കിട്ടിയിരിക്കണം. 2. വിജയിയെ നറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. ഫോൺ നമ്പർ ഇല്ലാത്ത ഉത്തരപേപ്പറുകൾ സ്വീകരിക്കുന്നതല്ല. 7. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 8. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 9. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്.

# ഐ.പി.സി. മലബാർ മേഖല മിഷൻ ഡയറക്ടേഴ്സ്

നിലമ്പൂർ: ഐ.പി.സി മലബാർ മേഖലയുടെ മിഷൻ ഡയറക്ടർമാരായി ഡോ. ജോയി എബ്രഹാമും ഡോ. വിൽസൺ വർക്കിയും ചുമതലയേറ്റു. മലബാറിൽ 34 സെന്ററുകളിലായി 534 സഭകളാണ് ഐ.പി.സി ക്ക് ഉള്ളത്. ഇതിൽ 238 സഭകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. യാതൊരുവിധ സാമ്പത്തിക സഹായങ്ങളൊന്നുമില്ലാതെ നൂറ്റമ്പത് സഭകൾ പ്രവർത്തിക്കുന്നു. 34 പഞ്ചായത്തുകളിൽ പെന്തെക്കോസ്തു കൂട്ടായ്മകളും ഇല്ല. നിലവിൽ മലബാറിൽ ചില സെന്ററുകളെ സഹായിക്കുന്നത് ഹൂസ്റ്റൺ, ഡാളസ്, കുവൈറ്റ്, മറ്റ് വ്യക്തിപരമായ സഹായങ്ങളുമാണ്. മലബാറിലെ സുവിശേഷ മുന്നേറ്റത്തിനായി മറ്റു മിഷൻ ഡയറക്ടർ മാരെയും നിയമിക്കുന്നതിനായി മലബാർ മേഖല തീരുമാനിച്ചതായി മേഖല സെക്രട്ടറി പാസ്റ്റർ ബിജോയ് കുര്യാക്കോസ് പറഞ്ഞു. ഈ വർഷം പുതിയതായി ആരംഭിക്കുന്ന 50 പ്രവർത്തന മേഖലകൾക്ക് ഇരുവരും നേതൃത്വം നൽകും. തൃശൂർ സ്വദേശിയായ ഡോ. ജോയി ഏബ്രഹാം മികച്ച വേദാദ്ധ്യാപകനും പ്രസംഗകനും സംഘാടകനുമാണ്. അമേരിക്കയിലെ ഒർലാന്റോ ക്രിസ്ത്യൻ അസംബ്ലിയുടെ സീനിയർ പാസ്റ്ററായ ഡോ. ജോയ് എബ്രഹാം പി.സി. നാക്ക് നാഷണൽ കൺവീനർ, ഐ.പി.സി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ പ്രസിഡന്റ്, പി.വൈ.പി.എ കേരളാ സ്റ്റേറ്റ് വൈസ് പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.


## MATRIMONIAL

**പുനർ വിവാഹം**

ഭാര്യ മരിച്ചുപോയതും മാന്യമായ സാമ്പത്തിക ശേഷിയുള്ളതും സുവിശേഷവേല ചെയ്യുന്നതുമായ വ്യക്തിക്ക് 55 നും 60 നും ഇടയ്ക്ക് പ്രായമുള്ള ബാധ്യതകൾ ഇല്ലാത്തതും സുവിശേഷവേലയ്ക്ക് താല്പര്യമുള്ളതുമായ വധുവിനെ ആവശ്യമുണ്ട്. ഫോൺ: 9447440441

**വരനെ ആവശ്യമുണ്ട്**

സുന്ദരിയായ പെന്തക്കോസ്ത് യുവതി, 24 വയസ്, വെളുത്ത നിറം, B.Sc നേഴ്സിംഗ് കഴിഞ്ഞ് ഡൽഹിയിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ, വിദേശത്ത് ജോലിയുള്ള യുവാക്കളുടെ ബന്ധുക്കളിൽ നിന്ന് വിവാഹാലോചന ക്ഷണിച്ചുകൊള്ളുന്നു.
ഫോൺ: +91 9961120654, 00966 502991959 (സൗദി).



Statement about ownership and other particulars about readers Landway News
FORM IV
(See Rue 8)

| | |
|---|---|
| 1. Place of Publication | : Pathanamthitta, |
| 2. Periodicity of Publication | : Monthly |
| 3. Printer's Name | : Santhosh Pandalam |
| Nationality | : Indian |
| Address | : Olive Thottatthil, Thupmamon P.O, Pathanamthitta (Dist), Kerala, India - 689 502 |
| 4. Publisher's Name | : Santhosh Pandalam, |
| Nationality | : Indian |
| Address | : Olive Thottatthil, Thupmamon P.O, Pathanamthitta (Dist), Kerala, India - 689 502. |
| 5 . Printer's Name | : Santhosh Pandalam |
| Nationality | : Indian |
| Address | : Olive Thottatthil, Thupmamon P.O, Pathanamthitta (Dist), Kerala, India - 689 502. |

6. Name and address of individuals who own the Newspaper and partners or shareholders holding more than one percent of the total capital : Nil

I, Santhosh Pandalam, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Dated 10 July 2016
Santhosh Pandalam

## ക്രിസ്തീയ പാട്ടുകാരൻ ഭക്തവൽസലനും ലാന്റ്‌വേന്യൂസിന്റെ യു.എ.ഇ. കോർഡിനേറ്ററുമായ ഡഗ്ളസ് ജോസഫ് നടത്തിയ മുഖാമുഖത്തിൽ നിന്നും

# സംഗീതധാരയിലെ അതുല്യഗായകൻ ഭക്തവൽസലൻ

**ചോദ്യം: പരിശുദ്ധൻ മഹോന്നത ദേവൻ എന്ന ഗാനത്തെപ്പറ്റി വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന വിവാദത്തിന്റെ യഥാർത്ഥ വസ്തുത പറയാമോ?**

പറയാം, 1983 ഡിസംബർ 8 മറക്കാൻ പറ്റാത്ത ഒരു ദിവസമാണ്. അന്ന് ഞങ്ങളുടെ കല്ല്യാണ ദിനമാ യിരുന്നു. വിവാഹ ശുശ്രൂഷയിൽ നേപ്പാളിൽ നിന്നുമുള്ള ഒരു സംഘംപാട്ടുകാർ പാടിയ ഗാനം എന്റെ മനസ്സിൽ തിങ്ങിനിന്നു. ഹൃദയ തന്ത്രികളിൽ ഇടംപിടിച്ച ചില വരികൾ ആരോ കാതുകളിൽ മന്ത്രിക്കുന്നത് പോലെ തോന്നി. ഞാൻ കടലാസിൽ കുറിച്ചു ഈണവും സംഗീതവും പകർന്നു ആയിരങ്ങൾ പാടിക്കൊണ്ടിരിക്കുന്ന പരിശുദ്ധൻ മഹോന്നതദേവൻ എന്ന ഗാനത്തിന് ദൈവം കൃപനൽകി.

ഈ അടുത്ത സമയത്ത് അവൻ ആർക്കും കടക്കാരനല്ല... എന്ന തലക്കെട്ടോടെ നാലുവരി എഴുതി ചേർത്തുകൊണ്ട് ചിലർ അവകാശവാദവുമായി മുന്നോട്ടു വന്നത് ഞാൻ ഓർക്കുന്നു. ഒരു പ്രമുഖ പെന്തെക്കോസ്ത് കൺവൻഷൻ പുസ്തകത്തിൽ ഈ പാട്ടിന് വേറൊരു ആളിന്റെ പേര് കൊടുത്തിരിക്കുന്നതായി ഞാൻ കണ്ടു. മരിച്ചുപോയ ചിക്കു കുര്യാക്കോസ് രൂപമാറ്റം വരുത്തി ചില വേദികളിൽ പാടിയതായി ഞാൻ വിഷ്വൽ മീഡിയായിൽ കണ്ടിട്ടുമുണ്ട്. കാലഘട്ടങ്ങൾ മാറിയപ്പോൾ ഗാനത്തിന്റെ രൂപവും, ഭാവവും, സ്വഭാവവും വരികളും മാറി ഉടമസ്ഥൻ തന്നെ നഷ്ടപ്പെട്ടിട്ടുണ്ട്. ഈ അവസ്ഥ ദൗർഭാഗ്യകരമാണ് എന്ന് പറയാതെ വയ്യ. സിനിമാ ലോകത്തിൽ നടക്കുന്നതുപോലെ ഗാനം അപഹരിച്ചവർക്കെതിരെ കേസുകൊടുക്കുവാനോ നഷ്ടപരിഹാരം ചോദിക്കുവാനോ ഞാൻ ആഗ്രഹിച്ചിട്ടില്ല അതിന് താൽപര്യവുമില്ല. ഇങ്ങനെയുള്ള ഒരു ദർശനം ദൈവം നൽകിയതിനാൽ ഞാൻ വിവാദമുണ്ടാക്കാനും ആഗ്രഹിക്കുന്നില്ല.

**ചോദ്യം: താങ്കളുടെ കുടുംബത്തെക്കുറിച്ച് ഒന്ന് വിശദീകരിക്കാമോ?**

1949 ജൂൺ 6 ന് പുലിമുഖത്ത് മത്തായി, ഏലിയാമ്മ ദമ്പതികളുടെ രണ്ടുമക്കളിൽ ഒരുവനായി ജനിച്ചു. ജനനം ആലുവയിലും വളർച്ച തൃശൂരിലുമായിരുന്നു. മാതാപിതാക്കൾ സുവിശേഷകരായതിനാൽ സുവിശേഷവേലയോടുള്ള ചില പ്രയാസങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. എന്റെ സഹോദരി പ്രിയ നേഴ്സിംഗ് പഠനം കഴിഞ്ഞു എറണാകുളം ലക്ഷോർ ആശുപത്രിയിൽ സ്റ്റാഫ് നേഴ്സായി ജോലി ചെയ്യുന്നു. ചെറു പ്രായത്തിലെ പാട്ടിനോടും കലകളോടും കമ്പം ഉണ്ടായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ് മ്യൂസിക് ഡയറക്ഷൻ കോഴ്സ് പഠിച്ചു. ആർട്ടിസ്റ്റായി സിനിമയിലും പാട്ടുകാരുടെ കൂടെയും (ഔസേപ്പച്ചൻ, ജോൺസൺ, മറ്റു പ്രമുഖരോടും) പ്രവർത്തിച്ചിട്ടുണ്ട്. നാടകം, കഥാപ്രസംഗം, ഡാൻസ്, പാട്ട് എന്നിവയിൽ കൂടി സിനിമാലോകത്ത് അറിയപ്പെടുന്ന സംവിധായകനും ഗായകനും ആകണമെന്നതായിരുന്നു എന്റെ ആഗ്രഹം.



**ചോദ്യം: മാനസാന്തരത്തിലേക്ക് വരുവാനുള്ള സാഹചര്യം വിശദീകരിക്കാമോ?**

ഈ ലോക ജീവിതത്തിന്റെ സാഹചര്യങ്ങൾ തലയ്ക്കകത്ത് പിടിച്ച് വീടിന് തൊട്ടടുക്കൽ ഒരു (പെസഹ വ്യാഴാഴ്ച) പിതാവ് പ്രസംഗിക്കുന്നതിന്റെ കുറച്ചകലെ ഞാൻ ഉത്സവപ്പറമ്പിൽ നാടകത്തിൽ അഭിനയിച്ചുകൊണ്ടിരുന്നു. സുവിശേഷയോഗം കഴിഞ്ഞു വീട്ടിലെത്തിയ മാതാപിതാക്കളോട് ഒരാൾ പറഞ്ഞു. ''മകൻ ഉത്സവപ്പറമ്പിൽ നാടകം കളിച്ച് തകർക്കുന്നല്ലോ'' ഹൃദയം തകരുന്ന വേദനയോടെ മാതാപിതാക്കൾ വീടിനകത്ത് മുഴങ്കാൽ മടക്കി കരയുവാൻ തുടങ്ങി.

ഞാൻ വന്നപ്പോൾ മാതാപിതാക്കളുടെ ഈ കാഴ്ചയാണ് കണ്ടത്. മുറിക്കകത്ത് കടന്ന എന്നെ പിതാവ് വന്നു കെട്ടിപ്പിടിച്ചു കരയുന്നു. വിഷയം മനസ്സിലാകാതെ ഞാനും അങ്ങനെയായി. ദൈവത്തോടു പ്രാർത്ഥിക്കാത്ത എനിക്ക് പ്രാർത്ഥിക്കണമെന്ന് തോന്നി. കണ്ണടച്ചപ്പോൾ ദൈവത്തിന്റെ ശബ്ദം ഞാൻ കേട്ടു ''മകനേ നീ എനിക്കു വേണ്ടി ഒരു പാട്ടുപോലും പാടിയില്ലല്ലോ?'' ഞാൻ ദൈവത്തിനായി സമർപ്പിച്ചു ഇനിയുള്ള കാലം നിനക്കായി മാത്രം പാടുമെന്ന് വിറക്കുന്ന അധരത്തോടെ ഞാൻ പറഞ്ഞു ഇത് എന്റെ മാനസാന്തരത്തിന്റെ നിമിഷമായിരുന്നു 1971 ഏപ്രിൽ 14.

**ചോദ്യം: ആദ്യം പാടിയപാട്ട് ഏത്?**

കാൽവരി ക്രൂശിൽ നീ നോക്കു. രക്ഷകൻ യേശുവിൻ രൂപം, രക്തം ചൊരിഞ്ഞു കോമള രൂപം വാടിയല്ലോ. മാനസാന്തരപ്പെട്ട രാത്രിയിൽ എഴുതി ട്യൂൺ ചെയ്തു പിറ്റേ ദിവസം ദുഃഖവെള്ളിയാഴ്ചത്തെ മീറ്റിംഗിൽ പാടി. പ്രായമുള്ളവർ വന്നു കെട്ടിപ്പിടിച്ചു കരഞ്ഞു. എന്നെ തലോടിയത് ഇപ്പോഴും ഓർക്കുന്നു.

**ചോദ്യം: ദൈവദാസന്മാരായ കെ. വി. ജോസഫ്, കെ. പി. ചുമ്മാർ എന്നിവരുടെ ഗാനങ്ങൾക്ക് ഈണം പകർ ന്നതായി കേട്ടിട്ടുണ്ട്. ശരിയാണോ?**

ശരിയാണ്. മുകളിൽ പറഞ്ഞ ദൈവദാസന്മാർക്ക് എന്നെ വലിയ ഇഷ്ടമായിരുന്നു. കുറച്ചുദിവസം ഇവരോടു ഒപ്പം താമസിച്ചുകൊണ്ട് അവരുടെ ഗാനങ്ങൾക്ക് സംഗീതം പകരുവാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചിട്ടുമുണ്ട്. കെ. വി. ജോസഫ് എഴുതിയ ചില ഗാനങ്ങളിൽ ''അൽപകാലം മാത്രം ഈ ഭൂവിലെ വാസം, യേശുവേ മണാളനേ'' തുടങ്ങിയവയാണ്. കെ. പി. ചുമ്മാറിനൊപ്പം (ദുബായിലെ മന്നപത്രത്തിന്റെ പത്രത്തിന്റെ ചീഫ് എഡിറ്റർ ഗ്ലെന്നി) താമസിക്കുകയും അദ്ദേഹം രചിച്ച നിരവധി ഗാനങ്ങൾ വിവിധ വേദികളിൽ പാടുവാൻ ദൈവം അവസരങ്ങൾ നൽകിയിട്ടുമുണ്ട്.)

**ചോദ്യം: കുടുംബത്തെക്കുറിച്ചു പറയാമോ?**

ഭാര്യ ബീന കായംകുളത്തു ജനിച്ചു. 1983 ഡിസംബർ എട്ടാം തീയതി ഞങ്ങളുനടെ വിവാഹം. പാട്ടുപാടും, ചില ഉപകരണങ്ങളും വായിക്കും. ദൈവം ഞങ്ങൾക്ക് 3 മക്കളെ നൽകി. ബിപിൻ (ഐ.സി.പി.എഫ് യു.എ.ഇ, കോർഡിനേറ്റർ), ബിനി (ഹൈസ് സ്കൂൾ, ബാംഗ്ലൂർ), ബെഞ്ചി (സൗണ്ട് എഞ്ചിനീയർ, ബാംഗ്ലൂർ).

**ചോദ്യം: 'ബി' എന്ന അക്ഷരത്തെ വിലക്ക് വാങ്ങിയതായി തോന്നിപോകുന്നതായി തോന്നുന്നു എന്താണ് ?**

ചിരിച്ചുകൊണ്ട് ഞാൻ തുടർന്നു. ശരിയാണ് എന്റെ പേര് 'ബി' എന്നു തുടങ്ങുന്നു. ദൈവം അടുത്ത ആളിനെയും 'ബി'യിൽ തന്നു പിന്നെ 'ബി' എന്നു തുടങ്ങുന്ന കുട്ടികളെയും നൽകി. മാത്രമല്ല ബാംഗ്ലൂരാണ് ഞങ്ങൾ താമസിക്കുന്നത്. ആ സ്ഥലത്തിന്റെ പേരു തുടങ്ങുന്നതും 'ബി' കൊണ്ടാണല്ലോ. ആയത് ഞങ്ങൾ എല്ലാവരും ആ+ല ആണ് എന്നർത്ഥം (രക്തഗ്രൂപ്പല്ല പറഞ്ഞത്).

**ചോദ്യം: എന്തുകൊണ്ടാണ് ബാംഗ്ലൂരിൽ സ്ഥിരതാമസം ആക്കിയത്?**



എന്റെ ആദ്യസമയത്തെ പ്രവർത്തനത്തിന് ക്യാമ്പസ് ക്രൂസെയ്ഡിലെ കൈത്താങ്ങായിരുന്നു. പിന്നെ ഇവിടെയുള്ളവരുമായി ഇടപെട്ടു. യാത്ര ചെയ്യുവാനുള്ള സാവകാശം. മക്കൾ വളർന്നു അവരുടെ കാര്യങ്ങൾ പിന്നെ എല്ലാംകൊണ്ടും ഇവിടെത്തന്നെയായി എന്നതാണ് സത്യം.

**ചോദ്യം: സുവിശേഷ എതിരാളികളാൽ കഷ്ടത ഏറ്റിട്ടുണ്ടോ?**

ഉണ്ട്. ഒരു പ്രാവശ്യം നോർത്ത് കർണ്ണാടകയിൽ വച്ച് അനുഭവിച്ചിട്ടുണ്ട്. പിന്നെ കണ്ണൂർ ചെറുപുഴയിൽ പാടിക്കൊണ്ടു നിന്നപ്പോൾ മൈക്ക് പിടിച്ചുവാങ്ങി സ്റ്റേജിൽ നിന്നും പിടിച്ചുതള്ളി അടിച്ചുഇളക്കിയ സ്റ്റേജിൽ അപ്പോൾ തന്നെ ചുമട്ടുതൊഴിലാളികളുടെ സാന്നിദ്ധ്യത്തിൽ വീണ്ടും പാടിയതും മറക്കാൻ പറ്റാത്ത അനുഭവമാണ്. അങ്ങനെ 2 പ്രാവശ്യം വ്യക്തമായി ഓർക്കുന്നു.

**ചോദ്യം: സഞ്ചരിച്ച രാജ്യങ്ങൾ പറയാമോ?**

എല്ലാ രാജ്യവും വ്യക്തമായി ഓർക്കുന്നില്ല. എങ്കിലും ധാരാളം പ്രാവശ്യം അമേരിക്ക, കാനഡ, സിംഗപ്പൂർ, റോം, ജപ്പാൻ, ആംസ്റ്റർഡാം, ആസ്ട്രേലിയ, ഖത്തർ, ദുബായ്, ഒമാൻ, ബഹ്റൈൻ, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങൾ ഞാൻ ഓർക്കുന്നു. ഇനിയും ഉണ്ട് എങ്കിലും എല്ലാം ദൈവം നടത്തിയ വിധം.

**ചോദ്യം: ഇഷ്ടപ്പെട്ട ആഹാരം എന്താണ് എന്ന് പറയാമോ?**

കുഞ്ഞുനാളുമുതൽ കഴിച്ചുവളർന്ന കപ്പയും മീൻകറിയുമാണ് ഏറെയിഷ്ടം. മറ്റു ഭക്ഷണങ്ങളും ഇഷ്ടമല്ലായെന്നല്ല പറഞ്ഞതിന്റെ അർത്ഥം.

**ചോദ്യം: ഇഷ്ടപ്പെട്ട നിറം? പറയാൻ മടിയുണ്ടോ?**

തീർച്ചയായും പറയാം. മെറൂൺ കളർ. തുണിത്തരങ്ങളും മെറൂണാണെങ്കിൽ വളരെ നന്നായിരുന്നുവെന്ന് ഓർത്തു പോകുന്നു.

ഞങ്ങളുടെ കാഴ്ചപ്പാടിൽ പാസ്റ്റർ ഭക്തവൽസലൻ വലിയൊരു മനുഷ്യനാണെങ്കിലും ചെറിയ കുട്ടി കളെപ്പോലെ സൗമ്യതയോടെ ഞങ്ങൾ ചോദിച്ച ചോദ്യത്തിന് മറുപടി നൽകുകയും ചിരിക്കുകയും ഇനിയും ദൈവത്തിന് വേണ്ടി എന്തെങ്കിലുമൊക്കെ ചെയ്യണമെന്നുള്ള അതിയായ ആഗ്രഹവും തന്റെ മനസിൽ അലയടിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. ദൈവം അതിനുള്ള ആയുസ്സും ആരോഗ്യവും നൽകട്ടെയെന്ന് ലാന്റ്‌വേ ന്യൂസിന്റെ പ്രവർത്തകർ പ്രാർത്ഥിക്കുന്നു ആശംസിക്കുന്നു.


### ലാൻഡ്‌വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| SIZE | MULTICOLOUR | BLACK & WHITE |
|---|---|---|
| Frontside Half | 16,000/- | NIL |
| Full Page (Back) | 18,000/- | NIL |
| Half Page (Back) | 10,000/- | NIL |
| Quarter Page (Middle) | 6,000/- | NIL |
| 10 Cm X 3 Column | 5,000/- | 3,000/- |
| 10 Cm X 2 Column | 4,000/- | 2,000/- |
| 5 Cm X 2 Column | 2,000/- | 1,000/- |
| Minimum 5 cm X 1 Column - Rs. 750/- (BW) | | |
| Matrimonial - Rs 750/- for 4 Issues Rs. 2500/- (BW) | | |

**വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയയ്ക്കേണ്ട ലാൻഡ്‌വേ ന്യൂസിന്റെ ഔദ്യോഗിക വിലാസവും ബാങ്ക് അക്കൗണ്ടും താഴെ കൊടുക്കുന്നു.**

*Office Address*

LANDWAY NEWS,
Thumpamon P. O.,
Pathanamthitta (Dist),
Kerala State, India - 689502.

*Bank Details*

LANDWAY NEWS,
A/c. No. 0386073000000078,
South Indian Bank,
Thumpamon Branch,
IFSC: SIBL0000386,
SWIFT CODE: SOININ55.

### ഇന്ത്യയ്ക്ക് പുറത്തുനിന്നുള്ള ലാൻഡ്‌വേ ന്യൂസ് വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഇന്ത്യയ്ക്ക് പുറത്തുള്ള ചില രാജ്യങ്ങളിൽ നിന്നും സംഘടനകളുടെ പേരിൽ സംഭാവന അയയ്ക്കാൻ അനുവദനീയമല്ല. അങ്ങനെയുള്ള രാജ്യങ്ങളിൽ നിന്നും വരിസംഖ്യകളും സംഭാവനകളും അയയ്ക്കുന്നവർ താഴെക്കാണുന്ന ബാങ്ക് വിലാസത്തിൽ അയയ്ക്കുക.

**Santhosh Pandalam,**
**A/C No: 14170100002307,**
**IFSC Code: FDRL0001417,**
**MICR Code: 689049476.**

**Federal Bank,**
**Pandalam Branch,**
**Pathanamthitta (Dist),**
**Kerala, India.**

Bringing You Closer to God
LANDWAY

# LANDWAY NEWS

Published From Pathanamthitta
Volume No. 3, Issue No.10 | Pages 8 | Price: Rs. 10/-

10 OCTOBER 2017

Thumpamon P. O.,
Pandalam, Pathanamthitta (Dist),
Kerala State, India - 689502,
Phone: +91-9447440441,
Email: landwaynews@gmail.com
WWW.LANDWAYNEWS.COM

RNI-KERBIL/2015/62054.
Postal Registration No.
KL/PTA/93/2015 - 2017.
WPP License Number:
KL/PTA/WPP/217/2015 - 2017.
Posted at RMS, Thiruvalla,
Posting Date: on 10/10/2017.


## ലാന്റ്‌വേ സാഹിത്യ അവാർഡ് 2017 ലേക്ക് ലേഖനങ്ങൾ ക്ഷണിക്കുന്നു

ലാന്റ്‌വേ സാഹിത്യ അവാർഡ് 2017 ലേക്ക് ലേഖനങ്ങൾ ക്ഷണിക്കുന്നു. 'സമർത്ഥനായ ലേഖകന്റെ എഴുത്തുകോൽ' എന്നതാണ് വിഷയം. ലേഖനം അയയ്ക്കേണ്ട അവസാന തീയതി 2017 ഡിസംബർ 31 വരെ മാത്രം. ഈ തീയതിക്കു ശേഷം ലഭിക്കുന്ന ലേഖനങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. സുവിശേഷ വീക്ഷണത്തിൽ നിന്നുകൊണ്ട് ഏത് കാഴ്ച്ചപ്പാടിലും ലേഖനം എഴുതാവുന്നതാണ്. ഇംഗ്ലീഷിലും മലയാളത്തിലും ലേഖനം എഴുതുവാനുള്ള അവസരം ഉണ്ടായിരിക്കും. A4 പേപ്പറിന്റെ ഒരു പുറത്ത് മാത്രമേ ലേഖനം എഴുതാൻ പാടുള്ളു. നാല് പേജുകളിൽ കൂടുതൽ എഴുതുവാൻ പാടില്ല. ഇതിൽ കാണിച്ചിട്ടുള്ള സ്റ്റാമ്പ് വെട്ടിയെടുത്ത് അല്ലെങ്കിൽ കോപ്പിയെടുത്ത് അയയ്ക്കുന്ന കവറിന് പുറത്ത് ഒട്ടിച്ചിരിക്കണം. ഈമെയിൽ അയയ്ക്കുന്നവർ മുകളിൽ സ്റ്റാമ്പ് സ്കാൻ ചെയ്തുകൊടുത്തിരിക്കണം. നിബന്ധനകൾ പാലിക്കാത്ത ലേഖനങ്ങൾ പരിഗണിക്കുന്നതല്ല. ആദ്യത്തെ 3 പേർക്ക് ക്യാഷ് പ്രൈസും മൊമെന്റോയും സർട്ടിഫിക്കറ്റും ലഭിക്കും. മറ്റുള്ളവർക്ക് സർട്ടിഫിക്കറ്റും ലഭിക്കും. വിജയികളെ പ്രഖ്യാപിക്കുന്നതിനുള്ള അന്തിമതീരുമാനം ലാന്റ്‌വേ ന്യൂസിന് മാത്രമായിരിക്കും

**മൽസരത്തിന് ലേഖനങ്ങൾ അയയ്ക്കുമ്പോൾ കവറിന് പുറത്ത് വൃത്താകൃതിയിലുള്ള ഈ ചിത്രം വെട്ടിയൊട്ടിക്കാൻ മറക്കരുത്...!**

LANDWAY SAHITHYA AWARD 2017

## കൺവൻഷൻ

അടൂർ: അടൂർ, കൊട്ടാരക്കര, ശൂരനാട് തുടങ്ങിയ ശാരോൻ സഭകളുടെ സംയുക്ത കൺവൻഷൻ 2018 ജനുവരി 2 മുതൽ 7 വരെ മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയുടെ ആഡിറ്റോറിയത്തിൽ ഡോ. ടി. ജി. കോശി ഉദ്ഘാടനം ചെയ്യും. അഞ്ചാം തീയതി സെമിനാരിയുടെ 48 -ാമത് ബിരുദാനന്തര ചടങ്ങും നടത്തുന്നതായിരിക്കും. പാസ്റ്റേഴ്സ് മീറ്റിംഗ്, വനിതാ സമ്മേളനം, സണ്ടേസ്കൂൾ, യുവജന പ്രസ്ഥാനം എന്നിവയുടെ മീറ്റിംഗുകളും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. വിപുലമായ ക്രമീകരണങ്ങൾക്കായി ദൈവദാസൻമാരായ ടി.ജി. ജെയിംസ്, ടി.ഐ. എബ്രഹാം, കെ.എം. ജേക്കബ്, കെ.എം. മാത്യു, പി. മത്തായി, പ്രിൻസ് കോശി, എം. ജോയി, ബ്ലസൻ ജോർജ്ജ്, വിൻസെന്റ് മാത്യു എന്നിവരെ തെരഞ്ഞെടുത്തു.

## വേദശാസ്ത്രത്തിൽ ഡോക്ട്രേറ്റ് ലഭിച്ചു



പാലക്കാട്: വടക്കൻചേരി അമ്പിട്ടൻതരിശ് നമ്മനാലിൽ എൻ.പി. പൗലോസ്, ശോശാമ്മ ദമ്പതികളുടെ മകൻ സാബു പോളിന് കഴിഞ്ഞ് പത്ത് വർഷത്തെ കഠിന പ്രയത്നത്തെ തുടർന്ന് ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ദൈവശാസ്ത്രത്തിൽ ഡോക്ട്രേറ്റ് ലഭിച്ചു. കേരളത്തിൽ പത്തനംതിട്ട ജില്ലയിലെ പെന്തെക്കോസ്തു ആത്മീയരുടെ നിലകളെ വിലയിരുത്തി ക്കൊണ്ട് തന്റെ വിഷയമായ ''ഇന്നത്തെ പെന്തെക്കോസ്ത് ആത്മീയതയുടെ വിലയിരുത്തൽ'' എന്നതിനെ ആസ്പദമാക്കിയായിരുന്നു വിഷയം. റാന്നി കണ്ണമ്പള്ളി ശാരോൻ പാസ്റ്ററും, മന്ദമരുതി ബേഥേൽ ഇന്റർനാഷണൽ തീയോളജിക്കൽ സെമിനാരി പ്രിൻസിപ്പാളുമാണ്. പ്രസംഗകൻ, എഴുത്തുകാരൻ, സഭാ പാസ്റ്റർ, സംഘാടകൻ എന്നീ നിലകളിൽ താൻ വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ടിരിക്കുന്നു. ഭാര്യ ലീന (പെരുമ്പാവൂർ), മക്കൾ: ജോയേൽ, എയ്ഞ്ചൽ. ലാന്റ്‌വേ ന്യൂസിന്റെ ആശംസകളും അനുമോദനങ്ങളും ഡോ.സാബു പോളിന് അറിയിക്കുന്നു.

## ക്രിസ്തീയ സാഹിത്യ പത്രപ്രവർത്തക കൂട്ടായ്മയ്ക്കു തുടക്കമായി



ബ്രദർ തോമസ് വടക്കേക്കൂറ്റ്



ബ്രദർ കെ. എൻ. റസ്സൽ



പാസ്റ്റർ ജെ. ജോസഫ്



പാസ്റ്റർ വർഗീസ് മാത്യു



പാസ്റ്റർ രാജു ആനിക്കാട്



പാസ്റ്റർ ഷിബു കെ. മാത്യു



ബ്രദർ സാംകുട്ടി മാത്യു



മാത്യു പാലത്തുങ്കൽ



പാസ്റ്റർ സന്തോഷ് ജോസഫ്



ബ്രദർ പീറ്റർ ജെയിംസ്

കടുത്തുരുത്തി: ക്രിസ്തീയ എഴുത്തുകാരുടെയും പത്രപ്രവർത്തകരുടെയും കൂട്ടായ്മയായ അസ്സോസിയേഷൻ ഓഫ് ക്രിസ്ത്യൻ തിങ്കേഴ്സിനു (ACT) തുടക്കമായി. സെപ്റ്റംബർ 25 ന് കടുത്തുരുത്തിയിലുള്ള ഐപിസി വൈക്കം സെന്ററിന്റെ ഓഫീസിൽ നടന്ന പ്രഥമ യോഗത്തിൽ വിവിധ ക്രൈസ്തവ പത്രങ്ങളുടെ ഭാരവാഹികളും എഴുത്തുകാരും സംബന്ധിച്ചു. ബ്രദർ കെ. എൻ. റസ്സൽ അധ്യക്ഷത വഹിച്ചു. പത്രപ്രവർത്തകരും എഴുത്തുകാരും നേരിടുന്ന വെല്ലുവിളികളെ ഒരുമിച്ചു നിന്ന് നേരിടുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു കൂട്ടായ്മ എന്ന നിലയിലാണ് ഇതാരംഭിക്കുന്നത് എന്നും സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കുകയും വളർന്നു വരുന്ന എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക എന്നിവയാണ് ലക്ഷ്യമെന്നും അദ്ധ്യക്ഷൻ പ്രസ്താവിച്ചു. പാസ്റ്റർ രാജു ആനിക്കാട് ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചു. പാസ്റ്റർ അനിൽ കൊടിത്തോട്ടം ചർച്ചകൾക്കു നേതൃത്വം നൽകി. രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളായി ബ്രദർ തോമസ് വടക്കേക്കൂറ്റ് (രക്ഷാധികാരി), ബ്രദർ കെ.എൻ. റസ്സൽ (പ്രസിഡന്റ്), പാസ്റ്റർ ജെ. ജോസഫ്, പാസ്റ്റർ വർഗീസ് മാത്യു (വൈസ് പ്രസിഡന്റുമാർ), പാസ്റ്റർ രാജു ആനിക്കാട് (ജനറൽ സെക്രട്ടറി), പാസ്റ്റർ ഷിബു കെ. മാത്യു (ട്രഷറാർ), ബ്രദർ സജി ഫിലിപ്പ് തിരുവഞ്ചൂർ (സെക്രട്ടറി), ബ്രദർ സാംകുട്ടി മാത്യു (പ്രസ് സെക്രട്ടറി), മാത്യു പാലത്തുങ്കൽ (മീഡിയാ കൺവീനർ), പാസ്റ്റർ സന്തോഷ് ജോസഫ്, ബ്രദർ പീറ്റർ ജെയിംസ് (ഓൺലൈൻ കോഡിനേറ്റേഴ്സ്) എന്നിവരെയും കമ്മറ്റി അംഗങ്ങളായി ബ്രദർ ജെയ്സ് പാണ്ടനാട്, പാസ്റ്റർ അനിൽ കൊടിത്തോട്ടം, പാസ്റ്റർ സി. സി. ജോണി, പാസ്റ്റർ മാർട്ടിൻ വർഗീസ്, ബ്രദർ ഷാനവാസ് എസ്., പാസ്റ്റർ സജി നെടുങ്കണ്ടം, പാസ്റ്റർ ഷൈജു ഞാറയ്ക്കൽ എന്നിവരെയും തിരഞ്ഞെടുത്തു.

## ബാംഗ്ലൂർ ഐക്യ കൺവെൻഷൻ

**ചാക്കോ കെ. തോമസ്**

ബെംഗളൂരു: ബാംഗ്ലൂരിലെ വിവിധ ക്രൈസ്തവ പെന്തെക്കോസ്ത് സഭകളിലെ വിശ്വാസികൾ ചേർന്ന് എബനേസർ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 1 വരെ കൊത്തന്നൂർ എബനേസർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രൗണ്ടിൽ ബാംഗ്ലൂർ ഐക്യകൺവെൻഷൻ നടത്തി. പാസ്റ്റർമാരായ ഡോ. കെ.സി. ജോൺ, സാം ജോർജ്ജ്, ബാബു ചെറിയാൻ, കെ. ജെ. മാത്യു, ബെന്നിസൻ മത്തായി എന്നിവർ പ്രസംഗിച്ചു. വിവിധ ക്രൈസ്തവ പെന്തെക്കോസ്ത് സഭകളിലെ പ്രധാന ശുശ്രൂഷകർ അദ്ധ്യക്ഷരായിരുന്നു. ദിവസവും ഗാനശുശ്രൂഷയും സുവിശേഷ പ്രസംഗവും നടത്തി. പാസ്റ്റർ ബാബു ചെറിയാൻ ബൈബിൾ ക്ലാസ് നടത്തി, യുവജനങ്ങൾക്കുള്ള യോഗത്തിൽ ബെന്നിസൻ മത്തായി പ്രസംഗിച്ചു. പാസ്റ്റർമാരായ ജോൺസൻ വി. മാത്യു, ഷിബു ജോഷ്വാ എന്നിവരുടെ നേതൃത്വത്തിൽ ബി.യു.സി. കോറസ് ഗാനങ്ങൾ ആലപിക്കും. ജനറൽ കൺവീനർ റവ. ഡോ. എൻ.കെ.ജോർജ്ജ്, ജോയിന്റ് കൺവീനർ പാസ്റ്റർ ജോസ് മാത്യു, ബിജു ജോൺ, ജോസഫ് ജോൺ, ജേക്കബ് ഫിലിപ്പ്, ജോയി പാപ്പച്ചൻ, ബെൻസൻ ചാക്കോ എന്നിവർ വിവിധ കമ്മറ്റികളിൽ പ്രവർത്തിച്ചു.

## എൻ.എ.ബി.എച്ച് അംഗീകാരം ലഭിച്ചു

പന്തളം: ഇടപ്പോൺ ജോസ്കോ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിക്ക് എൻ.എ.ബി.എച്ച് അംഗീകാരം ലഭിച്ചു. ക്വോളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എൻട്രിലെവൽ അംഗീകാരം ലഭിച്ച ചുരുക്കം കോളേജുകളിൽ ഒന്നാണ് ജോസ്കോ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി. കഠിനമായ സമർപ്പണവും ഇടതടവില്ലാത്ത അദ്ധ്വാനവും കൊണ്ടാണ് ഈ മഹത്തായ അംഗീകാരം ലഭിച്ചത് എന്ന് എം.ഡി. ഡോ. ജോസ് മറ്റത്ത് കാലായിൽ ലാന്റ്‌വേ ന്യൂസ് പത്രാധിപരോട് പറയുകയുണ്ടായി. ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലോകത്തിൽ എവിടെപ്പോയാലും ജോലി ചെയ്യുവാനും അംഗീകാരം ലഭിക്കുവാനും ഏറെ സാധ്യതകൾ മുന്നിലുണ്ട് എന്നും തുറന്ന വേദിയിൽ ഞാൻ പറയുകയുണ്ടായി.
ഈ അംഗീകാരത്തിന് ലാന്റ്‌വേ ന്യൂസ് പത്രാധിപരുടെ എല്ലാവിധ അനുമോദനങ്ങളും അറിയിച്ചു കൊള്ളുന്നു.

## ഇവാഞ്ചലിസം ബോർഡ് പ്രവർത്തനം

ഐ.പി.സി അട്ടപ്പാടി സെന്റർ ഇവാഞ്ചലിസം ബോർഡിന്റെ നേതൃത്വത്തിൽ ടീം പ്രവർത്തനം മണ്ടൻപാറ പ്രദേശങ്ങളിൽ പാസ്റ്റർമാരായ പി.ജെ. ടോമി, സനോജ് ടി.പി എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.


**കെയിൻ പാലസ്**

**എം. സി. റോഡ്, പ്രാവിൻകൂട്**
**കല്ലിശ്ശേരി**

ചൂരൽ ഫർണിച്ചറുകൾ തനിമ നഷ്ടപ്പെടുത്താതെ നിർമ്മിക്കുകയും ഏറ്റവും കുറഞ്ഞ നിരക്കിൽ വില്പന ചെയ്യുകയും ചെയ്യുന്ന ചെങ്ങന്നൂരിലെ ഏകസ്ഥാപനം



അന്വേഷണങ്ങൾക്ക്: ആർ. റെജി (9745452425)



**വില്ല വില്പനയ്ക്ക്**

തിരുവല്ലായുടെ
ഹൃദയഭാഗത്തിനോട്
ചേർന്ന കാവുംഭാഗത്ത്
വില്ല കോമ്പൗണ്ടിനുള്ളിൽ
5 സെന്റ് സ്ഥലവും
2350 sqt വീടും
(5 ബെഡ്റൂം, 4 ബാത്ത്റൂം,
2 ഹാൾ – ആരും താമസിക്കാത്ത പുത്തൻ വീട്)
ഉടൻ വില്പനയ്ക്ക്.

ഫോൺ: +91 9447440441





ആധുനിക ഗൃഹനിർമ്മാണ രംഗത്ത് അതുല്യ സംഭാവന

**റോയൽ ബിൽഡേഴ്സ്**

കൊച്ചാലുംമൂട്, മാവേലിക്കര

കെട്ടിടനിർമ്മാണം വളരെ ഉത്തരവാദിത്വത്തോടും കൃത്യതയോടും എവിടെയും മിതമായ നിരക്കിൽ ചെയ്തുകൊടുക്കുന്നു

ഫോൺ: +91 9496000200, 9544488664
ഈമെയിൽ: royalsajijohn@gmail.com



Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.